# ക്രൈസ്തവ വനിത

July - August 2019



A fundamental Christian bi-monthly publication of the women, by the women, for the women

2019
July - August

Volume XII
Issue 4

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| ദൈവം ശക്തൻ, അവൻ വിടുവിക്കും; അല്ലെങ്കിലും.. | – മേരി അഞ്ചൻ | 1 |
| ആറ്ററികിൽ വേരൂന്നിയവർ | – ജെസി ബെൻസെൻ | 2 |
| "തടവുകാരെ തേടി" | – എൽസി ബേബി | 3 |
| സാത്താന്റെ തന്ത്രങ്ങളെ തിരിച്ചറിയുക | – എൽസി തോമസ് | 6 |
| മൂടുപടം | – മോളിക്കുട്ടി ചാക്കോ | 8 |
| എന്നെ തിരയുന്ന രണ്ടു കണ്ണുകൾ | – ഡോ. കുഞ്ഞുമോൻ ചാക്കോ | 11 |
| ദാമ്പത്യസമത്വം അഥവാ മാതൃകാ ദമ്പതികൾ | – എം. എം. ആൻഡ്രൂസ് | 13 |
| ധാർമ്മികാധഃപതനം | – യോഹന്നാൻ ഏബ്രഹാം | 17 |
| ശത്രുക്കൾ പിടിച്ചുകൊണ്ടു പോകുന്ന മകൾ | – ഡോ. ഉമ്മൻ ഫിലിപ്പ് | 19 |
| അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്ക്... | – വിദ്യാ ബാബു | 21 |
| ഊന്നുവടി | – ഡോ. ചാൾസ് ജോൺ | 23 |
| Quest -66 | | cover 3 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. – എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

Editorial Board
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
E-mail: annjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# ദൈവം ശക്തൻ, അവൻ വിടുവിക്കും; അല്ലെങ്കിലും ..



"ശദ്രക്, മേശക്, അബേദ്-നെഗോ എന്നീ മൂന്നു പുരുഷന്മാരോ ബന്ധിക്കപ്പെട്ട വരായി എരിയുന്ന തീച്ചൂളയിൽ വീണു" (ദാനീയേൽ 3:23). നമുക്കെല്ലാവർക്കും സുപ രിചിതമായ ഒരു വേദഭാഗമാണിത്. മൂന്നുപേർ ബന്ധിതരായി പതിന്മടങ്ങ് ചൂടുകൂട്ടിയ അഗ്നി കുണ്ഡത്തിൽ എറിയപ്പെട്ടു. സ്വതന്ത്രരായി നാലുപുരുഷന്മാർ തീയിൽകൂടെ നടന്നു! ശദ്രക്, മേശക്, അബേദ്-നെഗോ എന്നിവരുടെ ഒരു തലമുടിക്കുപോലും കേടു സംഭവിച്ചില്ല. ദൈവപുത്രൻ അവരോടുകൂടെ അഗ്നികുണ്ഡ ത്തിൽ നടന്നു! അവരുടെ കഷ്ടതയിലൊ ക്കെയും അവൻ കഷ്ടപ്പെട്ടു; (യെശയ്യാ.63:9). സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്നവർക്കു അവൻ സമീപസ്ഥൻ. തന്നെ ശരണം പ്രാപി ക്കുന്നവരെ രക്ഷിപ്പാൻ അവൻ ശക്തൻ. അന്ന് ബാബേൽ രാജ്യത്ത് യഹോവയായ ദൈവ ത്തിന്റെ നാമം ഉയർത്തപ്പെട്ടു. നെബൂഖ ദ്നേസർ രാജാവുപോലും ജീവിക്കുന്ന ദൈവത്തെ പുകഴ്ത്തി. "അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാരേ" (Servants of the Most High God) എന്നാണ് രാജാവ് ശദ്രക്, മേശക്, അബേദ്-നെഗോവെ സംബോധന ചെയ്യുന്നത്. ഈ വിധം വിടുവിപ്പാൻ ശക്ത നായ വേറൊരു ദൈവവുമില്ലെന്ന് രാജാവു സാക്ഷിച്ചു.

"അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും" എന്ന് പറയുവാൻ ഇയ്യോബിനു സാധിച്ചു (ഇയ്യോ.13:15). "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറി യുന്നു. അവൻ ശക്തൻ എന്നു ഉറച്ചുമിരി ക്കുന്നു" എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (2തിമൊ.1:12). തന്റെ നിര്യാണകാലം അടുത്തി രിക്കുന്നു (4:6) എന്നു അറിഞ്ഞിരുന്ന അപ്പൊ സ്തലൻ തിമൊഥെയൊസിനു എഴുതുകയാണ് "അവൻ ശക്തൻ" എന്ന്! ആദിമസഭാകാലം മുതൽ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷി മരണം വരിച്ചവരെല്ലാം ദൈവം ശക്തൻ; അവൻ വിടുവിക്കും. അല്ലെങ്കിലും വിശ്വാസം ത്യജിക്കയില്ലെന്ന് ഉറപ്പുള്ളവരായിരുന്നു.

പ്രിയ സഹോദരിമാരേ, ക്രിസ്ത്യാനി യായി കഷ്ടം സഹിക്കേണ്ടതായി വരുന്ന ഒരു കാലയളവിലാണ് നാം ഇന്നു ജീവിക്കുന്നത്. മതത്തിന്റെ പേരിൽ എത്രയോ അക്രമവും, അനീതിയും, മൃഗീയത്വവും നടമാടുന്ന ഈ കാലത്ത് നമ്മുടെ വിശ്വാസത്തിന്റെ പരി ശോധന ഉണ്ടായാൽ നാം എന്തു ചെയ്യും? എബ്രായ യുവാക്കളായ ശദ്രക്, മേശക്, അബേദ്-നെഗോ എന്നിവരെ കുട്ടിക്കാലത്തു തന്നെ യിസ്രായേലിന്റെ ദൈവമായ യഹോ വയെക്കുറിച്ചുള്ള അറിവിലും, ജ്ഞാനത്തിലും വളർത്തിയതിനാൽ അടിമനാടായ ബാബി ലോണിലും, മഹാരാജാവായ നെബൂഖദ്നേ സ്സറിന്റെ മുമ്പിലും ദൈവത്തെ സാക്ഷിക്കുവാൻ ഇടയായി, മരണം പൈശാചികവേഷം അണിഞ്ഞ് വെല്ലുവിളിച്ചപ്പോഴും, തങ്ങളുടെ ദൈവത്തിലുള്ള വിശ്വാസത്തിനുവേണ്ടി പ്രാണത്യാഗം ചെയ്‌വാൻ ആ യുവാക്കൾ സന്നദ്ധരായിരുന്നു. ഞങ്ങൾ സേവിക്കുന്ന ദൈവത്തിന്നു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും, രാജാവിന്റെ കൈയിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല (ദാനീ. 3:17-18). വിശ്വസ്തനും ശക്തനുമായ ദൈവം മരണത്തോളം വിശ്വസ്തരായിരുന്ന ആ യുവാക്കളെ അത്ഭുതപൂർവ്വമായി രക്ഷിച്ചു; അഖിലാണ്ഡത്തിന്റെ സർവ്വാധിപനായ യഹോവയുടെ നാമം ജാതികളുടെയിടയിൽ മഹത്ത്വീകരിക്കപ്പെട്ടു.

പ്രിയ സഹോദരിമാരേ, എപ്രകാര മുള്ള ഒരു തലമുറയെ ആണ് നാം വളർത്തി ക്കൊണ്ടു വരുന്നത് എന്ന് വിചിന്തനം ചെയ്യാം. നമ്മുടെ ചുമതല വിശ്വസ്തതയോടെ നിർവ്വ ഹിക്കുവാൻ കർത്താവു കൃപ തരട്ടെ.

മേരി അഞ്ചൻ, തുംകൂർ
ചീഫ് എഡിറ്റർ

# ആറ്റരികിൽ വേരൂന്നിയവർ

ജെസി ബെൻസെൻ, കൊച്ചി



യഹോവയിൽ ആശ്രയിക്കുന്നവരും, മനുഷ്യരിൽ ആശ്രയിക്കുന്നവരും തമ്മിലുള്ള വ്യത്യാസം ജനത്തെ ബോധ്യപ്പെടുത്തുന്നതിന് ദൈവം, ആറ്റരികിലെ വൃക്ഷത്തെയും മരുഭൂമിയിലെ ചൂരച്ചെടിയെയും താരതമ്യം ചെയ്തുകൊണ്ട് യിരെമ്യാവു മുഖാന്തരം അവരോട് അരുളിചെയ്തു; "മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തന്റെ ഭുജമാക്കി ഹൃദയംകൊണ്ട് യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ. അവൻ മരുഭൂമിയിലെ ചൂരച്ചെടി പോലെയാകും. യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷംപോലെയാകും; —" (യിരെ. 17:5-8).

മനുഷ്യനിൽ ആശ്രയിക്കുന്നവനെ ശപിക്കപ്പെട്ടവനെന്നും ദൈവത്തിൽ ആശ്രയിക്കുന്നവനെ ഭാഗ്യവാനെന്നും വിളിച്ചിരിക്കയാൽ, ഭാഗ്യവാനും ശപിക്കപ്പെട്ടവനും തമ്മിലുള്ള ഒരു താരതമ്യമായിട്ടുകൂടെ ഈ വൃക്ഷങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ കഴിയും. മനുഷ്യനിൽ ആശ്രയിക്കുക എന്നാൽ മറ്റു മനുഷ്യരിൽ ആശ്രയിക്കുന്നതു മാത്രമല്ല, സ്വയത്തിൽ ആശ്രയിക്കുന്നതും ദൈവത്തിൽ ആശ്രയിക്കാതിരിക്കുന്നതും കൂടെയാണ്. സ്വന്ത ശക്തിയിലും കഴിവിലും ആരോഗ്യത്തിലും ചുറ്റുപാടുകളിലും ജീവിതസാഹചര്യങ്ങളിലും സാമ്പത്തികസ്ഥിതിയിലുമൊക്കെ ആശ്രയിച്ച് ജീവിക്കുന്നവരെ ലോകം ഭാഗ്യവാനെന്നാണ് വിശേഷിപ്പിക്കുകയെങ്കിലും തിരുവചനം അവരെ മരുഭൂമിയിലെ ചൂരച്ചെടിയോടു ഉപമിച്ച് ശപിക്കപ്പെട്ടവരെന്ന് വിശേഷിപ്പിക്കുന്നു. ദൈവത്തിൽ ആശ്രയിക്കാൻ ആവശ്യമില്ലാത്തവിധം സ്വയംപര്യാപ്തരായവരെയാണ് ലോകം ഭാഗ്യവാന്മാരായി കണക്കാക്കുന്നത്. എന്നാൽ യഹോവയില്ലാതെ മറ്റൊന്നിലും ആശ്രയിക്കാത്തവരെയാണ് ദൈവം ഭാഗ്യവാന്മാരായി വിലയിരുത്തുന്നത്..

ദൈവത്തിൽ ആശ്രയിക്കാതിരിക്കുന്നവർ ഹൃദയംകൊണ്ട് ദൈവത്തെ വിട്ടുമാറിയവരും കൂടെയാണ്. ബാഹ്യമായ കാഴ്ചയിൽ അവർ ദൈവത്തെ വിട്ടുമാറിയിട്ടില്ല. ഹൃദയംകൊണ്ട് ദൈവത്തെ വിട്ടുമാറിയത് മറ്റാരും അറിഞ്ഞിട്ടുമില്ല. അതുകൊണ്ട് തന്നെ ശുശ്രൂഷകളിൽ തുടരുന്നുമുണ്ട്. എന്നാൽ അതൊക്കെ ജഡത്തിന്റെ പ്രവൃത്തികളാകയാൽ ദൈവത്തിന് സ്വീകാര്യമല്ല. ജഡത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കും മോഹങ്ങൾക്കുമനുസരിച്ച് പ്രവർത്തിക്കുന്നവൻ സ്വാഭാവികമായും ഹൃദയംകൊണ്ട് ദൈവത്തിൽനിന്ന് അകന്നുപോകും. ഹൃദയത്തിന്റെ സ്ഥിതിക്കനുസരിച്ചാണ് ദൈവം ഒരുവന്റെ പ്രവൃത്തിയെയും ശുശ്രൂഷകളെയും വിലയിരുത്തുകയെന്നതിനാൽ ജഡപ്രകാരമുള്ള പ്രവർത്തനങ്ങൾ ആത്മപ്രകാരമുള്ളവയെക്കാൾ അധികമായിരുന്നാലും യാതൊരു പ്രയോജനവുമില്ല.

മരുഭൂമിയിലെ ചൂരച്ചെടിക്ക് മനുഷ്യരുടെ സാന്നിധ്യമോ പക്ഷികളുടെ ചിലമ്പൊലിയോ വെള്ളത്തിന്റെ കുളിർമ്മയോ തണുപ്പോ ഒന്നും അനുഭവിക്കുവാനോ ആസ്വദിക്കുവാനോ അവസരമില്ല. ആറ്റരികിലെ സുഖശീതളമായ അന്തരീക്ഷം അതിന് അന്യമാണ്. ദൈവത്തെ അറിയാത്തവരും ഹൃദയംകൊണ്ട്


*ശേഷം 5-ാം പേജിൽ കാണുക*

# “തടവുകാരെ തേടി”

എൽസി ബേബി, ന്യൂ യോർക്ക്



**ക**ഴിഞ്ഞ 44 വർഷത്തിൽപരമായി “ജയിൽ സുവിശേഷീകരണം” എന്ന ലക്ഷ്യവുമായി തന്റെ ഔദ്യോഗികജീവിതം ഉപേക്ഷിച്ച് “പ്രേഷിതവൃത്തി”ക്കായി സ്വയം സമർപ്പിച്ച ഡോക്ടർ കുഞ്ഞുമോൻ ചാക്കോ എഴുതിയ “തടവുകാരെ തേടി” എന്ന പുസ്തകം രണ്ടും വായിച്ചപ്പോൾ ലഭിച്ച ചില ചിന്തകളാണ് ഈ ലേഖനം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. വിദ്യാഭ്യാസ യോഗ്യതകൾകൊണ്ടും, അസാമാന്യകഴിവുകൾ കൊണ്ടും സമ്പന്നനായ ഡോക്ടർ കുഞ്ഞുമോൻ ചാക്കോ ഒരു അസാമാന്യനും, പരിധികളില്ലാത്ത കഴിവുകളും, വിജ്ഞാനവും നിറഞ്ഞ ഒരുവ്യക്തി പ്രഭ തന്നെ എന്നതിന്നു സംശയമില്ല. തേജോമയനായ ദൈവം, അബ്രാഹാമിനെ വിളിച്ച് തനിക്കായി വേർതിരിച്ചതു പോലെ ക്രിസ്തുവിന്നായി ജീവിതം സമർപ്പിച്ച ശ്രീ കുഞ്ഞുമോൻ ചാക്കോയെ തന്റെ വേലയ്ക്കായി വിളിച്ചു വേർതിരിച്ചപ്പോൾ “കാഴ്ചയാലെയല്ല വിശ്വാസത്താലെ” എന്ന സിദ്ധാന്തവുമായി ഭാര്യ ജെയിനമ്മയേയും രണ്ടു പിഞ്ചു ബാലന്മാരേയുംകൊണ്ട് ദൈവവിളി അനുസരിച്ച് ആരംഭിച്ച “സുവിശേഷീകരണം” എന്ന ദൗത്യം പടർന്നു പന്തലിച്ച് അതിരുകളില്ലാതെ ഭാരതത്തിലും, ലോകത്തിന്റെ അഞ്ചു വൻകരകളിലും “പ്രിസൺ ഫെല്ലോഷിപ്പ്” എന്ന പ്രസ്ഥാനത്തിന്റെ ഡയറക്ടർ എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ച ഒരു ശ്രേഷ്ഠ യോദ്ധാവായി തീർന്നു എന്നത് അത്ര കൊച്ചു കാര്യമല്ല.



**ഡോ. കുഞ്ഞുമോൻ ചാക്കോ**

മനുഷ്യൻ കടന്നു ചെല്ലാൻ ആഗ്രഹിക്കാത്തതും, അങ്ങേയറ്റം വെറുക്കുന്നതുമായ തടവറകളിലേക്ക് കടന്നുചെന്ന് അതിന്നകത്തുള്ളവരുമായി ചങ്ങാത്തം പിടിച്ച് അവരെ പുറംലോകത്തിലെത്തിച്ച് സമൂഹവുമായി ബന്ധിക്കുക എന്ന ദൗത്യം അത്ര ആയാസകരമായ ഒന്നല്ല. അധികമാരും ഗൗനിക്കാത്ത “ജയിൽ സുവിശേഷീകരണത്തിന്റെ” മഹത്ത്വം മനസ്സിലാക്കി ചെറിയ തോതിൽ ആരംഭിച്ച തന്റെ പ്രവർത്തനം പടന്നു പന്തലിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും എത്രമാത്രം പ്രയോജനപ്പെട്ടു എന്നതു നിത്യതയ്ക്കു മാത്രമേ വെളിപ്പെടുത്താനാവൂ! ഇന്നു താൻ ക്ഷീണിതനായി ഭവനത്തിൽ വിശ്രമിക്കുമ്പോഴും, തന്റെ അന്തരാത്മാവിൽ ലയിച്ചു ചേർന്ന പ്രിസൺ ഫെല്ലോഷിപ്പിനെക്കുറിച്ചും, അതിനോടു ചേർന്നു താൻ വിപുലീകരിച്ച വിവിധ പ്രസ്ഥാനങ്ങളെക്കുറിച്ചുമുള്ള തന്റെ ആവേശം തന്നോടു സംസാരിക്കുമ്പോൾ മനസ്സിലാക്കാവുന്നതാകുന്നു.

തന്റെ ഭാഷയിൽ “കഴിഞ്ഞ 44 വർഷങ്ങളിലെ ഞാൻ കൈതൊട്ടതും കേട്ടറിഞ്ഞതും, കണ്ടറിഞ്ഞതുമായ വേദനിപ്പിക്കുന്ന നഗ്നസത്യങ്ങളെ അറിയേണ്ടുംവിധം അറിഞ്ഞും മനസ്സിലാക്കിയും പുരോഗമിപ്പിക്കണം” എന്ന തന്റെ ആത്മാർത്ഥമായ ഹൃദയ വാഞ്ഛയുടെ മുമ്പിൽ തല കുനിക്കുന്നു. കുറ്റകൃത്യങ്ങളെ ഒരു ആഘോഷമായി മാറ്റിയ ഒരു

സംസ്കാരത്തിലേക്കു ലോകം വഴുതിവീണിരിക്കുകയാണല്ലോ? ഇന്ന് ജയിലുകളിൽ പൂർവ്വാധികം സൗകര്യങ്ങൾ വർദ്ധിപ്പിച്ചിരിക്കുന്നു എന്നതാണതിന്നു കാരണം. 50-ൽ അധികം രാജ്യങ്ങളിലെ അനുഭവങ്ങൾ പഠിച്ച ഡോക്ടർ കുഞ്ഞുമോൻ ചാക്കോ തന്റെ അനുഭവങ്ങൾ പല പുസ്തകങ്ങളിലൂടെ പുറം ലോകത്തിന്നു വെളിപ്പെടുത്തിട്ടുണ്ട്. അതിൽ പലതും വായിക്കാനുള്ള ഭാഗ്യം ഈ എളിയവൾക്കുണ്ടായിട്ടുണ്ട്. അവയിൽനിന്നും, ശ്രീ കുഞ്ഞുമോൻ ചാക്കോയുടെ യഥാർത്ഥ വ്യക്തിത്വം മനസ്സിലാക്കുവാനും ജയിൽ ഇവാഞ്ചലിസത്തിന്നുവേണ്ടി പ്രാർത്ഥിക്കുവാനും കുഞ്ഞുമോൻ ചാക്കോയോടുള്ള സ്നേഹവും, ആത്മാർത്ഥതയും പൂർവ്വാധികം വർദ്ധിക്കാനും ഇടയായി എന്നത് പരമാർത്ഥം മാത്രം!.

താൻ എഴുതിയ ചില വാക്കുകൾ "അമേധ്യമൂത്രങ്ങളണിഞ്ഞ് പാളയ്ക്കകത്ത് ആദ്യമായി രംഗത്തു വരുന്ന മനുഷ്യ ശിശുവിനെ നാം ദൂരെ എറിഞ്ഞു കളയുന്നില്ല. കുളിപ്പിച്ചു, പൗഡർ പൂശി പുത്തൻ ഉടുപ്പും നല്കി ചുംബനം നല്കി സ്വീകരിക്കയാണല്ലോ? ഇതുതന്നെയാണ് കുറ്റകൃത്യങ്ങൾ ചെയ്തു, പാപം ചെയ്തു ജീവിതം വൃത്തിഹീനമാക്കിയ ഒരു തടവുകാരനോടു സ്നേഹവാനായ ദൈവം ചെയ്യുന്നതും. അവന്ന് പുതുജീവനും, ജീവിതവും നല്കുവാൻ ദൈവം വച്ചിരിക്കുന്ന പദ്ധതി ഒരു മതമല്ല, യേശുക്രിസ്തു എന്ന ഏകരക്ഷകനാണ്"! ജയിൽ ഇവാഞ്ചലിസത്തിന്റെ അടിസ്ഥാനം ഈ പരമോന്നത സത്യമാകുന്നു. അതിന്നായി സ്വർഗ്ഗത്തിലെ ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ വിളിച്ചു വേർതിരിച്ച്, അഭിഷേകം ചെയ്ത് ഭരമേല്പിച്ച ദൗത്യം ഇത്ര കാര്യക്ഷമതയോടും, വിശ്വസ്തതയോടുംകൂടെ അനുസരിച്ചു പ്രവർത്തിച്ച ഡോക്ടർ കുഞ്ഞുമോൻ ചാക്കോയ്ക്കും, ഭാര്യ ജെയിനമ്മയ്ക്കും മക്കൾ ബിജു, ബിന്നിമാർക്കും ദൈവം ധാരാളം സ്വർഗ്ഗീയാനുഗ്രഹങ്ങൾ നല്കി ആശീർവ്വദിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ജയിലുകളിൽ ധാർമ്മികോപദേശങ്ങൾ നല്കുന്നതിന്നായി രൂപീകരിച്ച "പ്രിസൺ ഫെല്ലോഷിപ്പ്" എന്ന പ്രസ്ഥാനം ഇന്ന് ഇന്റർനാഷണലായി 121 രാജ്യങ്ങളിൽ പ്രവർത്തിക്കുന്നു. അന്യരുടെ അകൃത്യങ്ങളുടെ അനന്തരഫലം ഏറ്റു വാങ്ങേണ്ടിവരുന്ന നിരപരാധികളായ കുഞ്ഞുങ്ങൾക്കായി രൂപികരിച്ച "പ്രഷ്യസ് ചിൽഡ്രൻ" എന്ന പദ്ധതിയും, "കെയർ ഹോം" എന്ന അനാഥാലയങ്ങളും, മറ്റും, അനേകം കുഞ്ഞുങ്ങളെയും, സ്ത്രീകളെയും അവരിൽ പ്രതീക്ഷയും, സുരക്ഷിതത്വവും നല്കി ഉന്നതമൂല്യങ്ങൾക്കു പാത്രങ്ങളാക്കി രൂപീകരിക്ക എന്നത് എത്ര മഹത്ത്വമാർന്ന ശുശ്രൂഷകളാകുന്നു. തടവുകാരുടെ കുടുംബാംഗങ്ങൾ മുഴുവനും ശിക്ഷിക്കപ്പെടുകയാകുന്നു. അതിന്റെ ഫലമായി കാലക്രമേണ അവരും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കടിമകളാകുന്നു. അവരെക്കൂടെ കണക്കിലെടുത്ത് അവരെ പോറ്റിപുലർത്തി ദൈവസ്നേഹത്താൽ നിറച്ച് സമൂഹത്തിൽ മാന്യമായി തല ഉയർത്തി ജീവിക്കാനുള്ള മാർഗ്ഗങ്ങളുണ്ടാക്കി അനുഗ്രഹിക്കുന്ന മേലുദ്ധരിച്ച പ്രസ്ഥാനങ്ങൾക്കായി എത്ര നന്ദി പറഞ്ഞാൽ മതിയാകും? അതോടൊപ്പം തന്നെ പാപപരിഹാരാർത്ഥം ക്രൂശിൽ യാഗമായി മരിച്ചിട്ട് അടക്കം ചെയ്ത് വീണ്ടും പുനരുത്ഥാനം പ്രാപിച്ച യേശുക്രിസ്തുവിലൂടെ കൃപയാലെ വിശ്വാസംമൂലം നിത്യജീവന്നവകാശികളായിത്തീർന്ന എത്രയോ ആത്മാക്കളാണ് ഇന്ന് ജയിൽ ഇവാഞ്ചലിസത്തിലൂടെ സ്വർഗ്ഗരാജ്യത്തിന്നവകാശികളായിതീർന്നതെന്ന് നിത്യത മാത്രമേ വെളിപ്പെടുത്തുകയുള്ളൂ. "തകർന്ന സ്ഫടികം പൂർവ്വസ്ഥിതിയിലാക്കാൻ കഴികയില്ല. തകർന്നു തരിപ്പണമായ ജീവിതത്തെ പുതുതായി രൂപാന്തരപ്പെടുത്താൻ യേശുവിന്നു കഴിയും. പാപം ഏറ്റുപറയുക, ദൈവം ക്ഷമിക്കും, കുറ്റബോധം നീങ്ങിപ്പോകും" എന്ന നിർമ്മലസുവിശേഷം എത്ര എത്ര ഹൃദയങ്ങളെയാണ് മാറ്റിമറിച്ചിരിക്കുന്നത്! ദൈവപുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകലപാപവുംപോക്കി നമ്മെ ശുദ്ധീകരിക്കുന്നു എന്ന സ്വർഗ്ഗീയസത്യത്തിൽ ആശ്രയിപ്പാനും, വിശ്വസിപ്പാനും, ആഹ്വാനം ചെയ്തു

കൊണ്ട് തടവറകളിലേക്കു കടന്നുപോകാൻ സന്നദ്ധതയുള്ള എത്ര പേർകാണും? ദൈവ സ്നേഹത്തിന്റെ സന്ദേശവാഹകരായി തടവറ കളിൽ ആശയറ്റും, ഹൃദയം കഠിനപ്പെട്ടും കഴിയുന്ന അനേകരെ നിത്യജീവന്റെ അവകാ ശികളാക്കുവാനുള്ള ദൗത്യം ഏറ്റെടുക്കുവാൻ അനേകരെ ദൈവം അഭിഷേകം ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ജീവിതത്തിലെ ഏതു ദുഃസ്വഭാവ ത്തേയും മാറ്റി പുതിയ ജീവിതത്തിലേക്കു പ്രവേശിപ്പാനുള്ള ഒന്നാമത്തെ പടി അനുതാപ മാണെന്നും, തെറ്റുകുറ്റങ്ങളെ ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ച് പാപക്ഷമപ്രാപിച്ച് പുതുജീവി തവും, പുതുസ്വഭാവവും നല്കുവാൻ പ്രാപ്ത നായ കർത്താവിന്റെ പാദങ്ങളിൽ ജീവിതം സമർപ്പിക്ക എന്ന സദ്വർത്തമാനം തടവറകളി ലൂടെ ആത്മാക്കളിലേക്കു പകരുവാൻ പറ്റിയ "പ്രിസൺ ഫെല്ലോഷിപ്പ്പോലെ" മറ്റൊരു മാർഗ്ഗവുമുണ്ടെന്നു തോന്നുന്നില്ല. പാപം മനുഷ്യനെ ദൈവത്തിൽനിന്നുംഅകറ്റി ഏതു ദുഷ്പ്രവൃത്തികൾക്കും അധീനനാക്കുമ്പോൾ ക്രൂശിലെ ദൈവസ്നേഹം അവനെ ദൈവ ത്തോടു അടുപ്പിച്ച് നിത്യസൗഭാഗ്യത്തിന്ന വകാശികളാക്കുന്നുവെന്ന സുവിശേഷം പറയാതെ എങ്ങനെ മനുഷ്യൻ കേൾക്കും? കേൾക്കാതെ എങ്ങനെ വിശ്വസിക്കും? വിസ്താരഭയത്താൽ ഇവിടെ നിർത്തുന്നു. ഡോക്ടർ കുഞ്ഞുമോൻ ആരംഭിച്ചു വളർത്തി വലുതാക്കിയ പ്രിസൺ ഫെല്ലോഷിപ്പ് എന്ന വൃക്ഷത്തിന് ആവോളം വളവും വെള്ളവും നല്കി നിലനിർത്തുവാൻ ദൈവം നമ്മെ ഓരോരുത്തരേയും പ്രാപ്തരാക്കട്ടെ. ജീവി തത്തെ ക്രിയാത്മകമായി കാണുവാനും, പ്രാർത്ഥിക്കുവാനും, സഹായഹസ്തങ്ങൾ നീട്ടി ആശ്ലേഷിക്കുവാനും, സാമ്പത്തിക സഹായങ്ങൾ നല്കി പങ്കാളികളാകുവാനും അനേകരെ ഈ അനുഗ്രഹിക്കപ്പെട്ട ശുശ്രൂ ഷകൾ ഏറ്റെടുക്കുവാൻ പ്രോത്സാഹിപ്പിക്കു വാനും നമുക്കിടയാകട്ടെ. "തടവുകാരെ തേടി" എന്ന പുസ്തകം വാങ്ങി വായിക്കുവാൻ എല്ലാ വായനക്കാരോടും അപേക്ഷിക്കുന്നു. കാര്യങ്ങ ളുടെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുവാൻ അതു പ്രയോജനപ്പെടും എന്നു മാത്രമല്ല, അതിൽ പങ്കാളികളാകുവാനുള്ള വാഞ്ഛ വർദ്ധിക്കും എന്നതിന്നു സംശയമില്ല. ഈ ലേഖനം എഴുതുവാൻ എന്നെ പ്രാപ്തയാ ക്കിയത് അതു മാത്രമാകുന്നു. സ്തോത്രം! ❑

---

*2-ാം പേജ് തുടർച്ച... (**ആറ്റരികിൽ...**)*

വിട്ടുമാറിയവരുമായ ഏവരുടെയും അവ സ്ഥയും അതുതന്നെയാണ്. സ്വന്തശക്തി യിലും പരിശ്രമത്തിലും ജീവിതത്തെ നേരിടു വാനുള്ള നെട്ടോട്ടം മാത്രമാണ് അവനുള്ളത്.

ആറ്ററികിൽ വേരൂന്നിയിരിക്കുന്ന വൃക്ഷം ഉഷ്ണത്തെയോ വരൾച്ചയെയോ ഭയപ്പെടുന്നില്ല. ദൈവത്തിൽ ആശ്രയിക്കുന്ന വനും തന്റെ ഭാവി സംബന്ധിച്ച് ആശങ്ക പ്പെടുന്നില്ല. അവൻ വാട്ടമില്ലാതെ ശാന്തമായി നിലകൊള്ളുന്നു. യഹോവയിൽ ആശ്രയിക്കു ന്നവന്റെ ശാന്തതയും തണുപ്പും കുളിർമ്മയും പച്ചപ്പും അവന്റെ പ്രത്യാശയെ വെളിപ്പെടുത്തു ന്നതാണ്. ആറ്റിലെ വെള്ളം വററിയാലും അടിയിലെ നീരൊഴുക്ക് ആ വൃക്ഷത്തെ നില നിർത്തും. കെരീത്തുതോട് വറ്റിയപ്പോഴും ഏലിയാവിനെ പുലർത്തിയ ദൈവത്തിങ്കലുള്ള ആശ്രയമാണ് ഒരുവനെ വരൾച്ചയുടെ കാലത്തും വാട്ടം തട്ടാതെ നിലനിർത്തുന്നത്.

ആറ്ററികിൽ വേരൂന്നിയിരിക്കുന്ന വൃക്ഷംപോലെ വാട്ടം തട്ടാതെ പച്ചപ്പ് നഷ്ട പ്പെടാതെ കുളിർ കാറ്റേറ്റ് ശാന്തമായി ജീവിക്കു വാൻ കഴിയുന്നത് ഭാഗ്യം തന്നെയാണ്. ദൈവ ത്തിൽ ആശ്രയിക്കയും പ്രത്യാശിക്കയും ചെയ്യുന്ന ഒരുവനല്ലാതെ മറ്റാർക്കും ഈ ഭാഗ്യാ വസ്ഥ ആസ്വദിക്കാനാവില്ല. ഈ ഭാഗ്യാവസ്ഥ ആസ്വാദിക്കുമ്പോഴാണ് അത് ഇല്ലാതിരി ക്കുന്നത് എത്ര നിർഭാഗ്യകരമാണെന്ന് ഗ്രഹിക്കുന്നത്. യഹോവയിൽ ആശ്രയിക്കയും യഹോവതന്നെ ആശ്രയമായിരിക്കയും ചെയ്യു ന്നവർക്കു മാത്രമെ, ഒന്നിനെക്കുറിച്ചും വിചാര പ്പെടാതെ, ആകുലചിത്തരാകാതെ അത്യുന്ന തന്റെ മറവിലും സർവ്വശക്തന്റെ നിഴലിൻ കീഴിലും ശാന്തരായിരിപ്പാൻ കഴിയൂ.

❑

# സാത്താന്റെ തന്ത്രങ്ങളെ തിരിച്ചറിയുക



എൽസി തോമസ്, കണ്ണൂർ

**ഇ**ന്ന് ദൈവജനത്തെയും ദൈവം തിരഞ്ഞെടുത്ത തന്റെ ദൗത്യവാഹകരെയും തകർക്കാൻ സാത്താൻ അതിവിദഗ്ധമായി ഉപയുക്തമാക്കുന്ന രണ്ട് പ്രധാന തന്ത്രങ്ങളാണ് സമ്പത്തും, സ്ഥാനമാനങ്ങളും. ആദിമാതാപിതാക്കളെ ദൈവസന്നിധിയിൽ നിന്നും പുറത്താക്കിയ നാൾമുതൽ ഇന്നുവരെയും ദൈവജനത്തെയും തകർക്കുവാൻ സാത്താൻ ഉപയോഗിക്കുന്ന തന്ത്രങ്ങൾ ഇതു തന്നെയാണെന്നു അസന്ദിഗ്ദ്ധമായി നമ്മെ വേദപുസ്തത്തിലെ 1 യോഹന്നാൻ 2:16 ൽ കൂടി ഓർമ്മപ്പെടുത്തുന്നു.

ജഡത്തിന്റെ ദുരാഗ്രഹം, കണ്ണുകളുടെ ദുരാഗ്രഹം, ജീവിതത്തിന്റെ അഹന്ത എന്നിങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽ നിന്നല്ല. ലോകത്തിൽ നിന്നത്രേയാകുന്നു.

**I. ജഡത്തിന്റെ ദുരാഗ്രഹം :** മനുഷ്യന്റെ ശാരീരിക സംതൃപ്തിക്കു നിർദ്ദോഷമെന്നു തോന്നിക്കുന്നതായ ക്രിയകളിലൂടെ സാത്താൻ ദൈവജനത്തെ വീഴ്ത്തുന്നു. ഉത്പത്തി 3:6 ൽ ഇപ്രകാരം നാം കാണുന്നു. വൃക്ഷഫലം തിന്നുവാൻ നല്ലതാണെന്നു പറഞ്ഞു മോഹിപ്പിച്ചു ദൈവം പറഞ്ഞിരുന്ന കാര്യങ്ങളോട് അനുസരണക്കേട് കാണിക്കുവാൻ സാത്താൻ അവൾക്കു പ്രേരണ നല്കി. ഇതേ തന്ത്രം അവൻ കർത്താവിന്റെയടുത്തും പ്രയോഗിച്ചു ലൂക്കൊ. 4:6 ൽ ഇപ്രകാരം വായിക്കുന്നു. നാല്പതു ദിനഉപവാസത്തിനൊടുവിൽ ഈ കല്ലിനോട് അപ്പമായി തീരുവാൻ കല്പിക്ക. എന്നാൽ കർത്താവിന്റെ മുമ്പിൽ അവൻ പരാജയപ്പെട്ടു. കാരണം വചനത്താൽ അവനെ വെട്ടിക്കളഞ്ഞു.

**II. കണ്ണുകളുടെ ദുരാഗ്രഹം :** വീണ്ടും നമുക്ക് ഉത്പ. 3:6 ൽ ഇപ്രകാരം കാണാൻ സാധിക്കുന്നു. ഹവ്വായ്ക്ക് വൃക്ഷഫലം ഭക്ഷിക്കുന്നതിനായി പ്രേരണ ലഭിക്കാൻ കാരണമാക്കിയ ഘടകം വൃക്ഷഫലത്തിന്റെ ഭംഗിയായിരുന്നു. മത്തായി 4:8-ൽ ഇപ്രകാരം വായിക്കുന്നു. പിശാച് അവനെ ഏറ്റവും ഉയർന്ന ഒരു മലമേൽ കൂട്ടിക്കൊണ്ടുപോയി. ലോകത്തിലുള്ള സകല രാജ്യങ്ങളും അവയുടെ മഹത്ത്വവും കാണിച്ചു. ആകർഷിച്ചു തകർക്കാൻ ശ്രമിച്ച സാത്താൻ പരാജയപ്പെട്ടു. ഈ ഉദാഹരണങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് ആകർഷണത്തിലൂടെ നമ്മെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കും എന്നാണ്.

**III. ജീവിതത്തിന്റെ അഹന്ത :** ജീവിതത്തിന്റെ പ്രതാപത്തിനുള്ള അഭിവാഞ്ഛയാൽ അഹന്ത സൃഷ്ടിച്ച് ദൈവജനത്തെ പാപത്തിലേക്ക് വീഴ്ത്താൻ ശ്രമിക്കുമെന്ന് വിശുദ്ധ യോഹന്നാൻ മുന്നറിയിപ്പു നല്കുന്നു. ഉത്പത്തി 3:15 ൽ ഇപ്രകാരം വായിക്കുന്നു. അത് ഭക്ഷിക്കുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെയാകുകയും ചെയ്യും.

അത്യുന്നതനായ ദൈവത്തിന്റെ പദവി കരസ്ഥമാക്കുവാനുള്ള അഹന്ത അവളിലുടലെടുത്തു. ദൈവത്തെപ്പോലെ മഹിമയുടെയും സർവ്വശക്തിയുടെയും മഹത്ത്വത്തിന്റെയും ഉറവിടമായിത്തീരുവാനുള്ള അഹന്ത സൃഷ്ടിച്ചു പ്രതാപത്തിനായുള്ള അത്യാഗ്രഹത്താൽ സാത്താനവളെ വീഴ്ത്തി. ജീവിതത്തിന്റെ അഹന്തയിൽ പേരും പെരുമയും നേടുവാൻ കാംക്ഷി

ക്കുന്നവരെ പ്രലോഭനങ്ങൾകൊണ്ടു വീഴ്ത്തുമെന്ന് വിശുദ്ധയോഹന്നാൻ മുന്നറിയിപ്പു നല്കുന്നു.

സ്നേഹബന്ധങ്ങൾ മുതലെടുത്തു പാപത്തിൽ വീഴ്ത്തും : ഭാര്യയുടെ സ്നേഹപൂർണ്ണമായ നിർബന്ധത്തിനു വഴങ്ങി ആദാം ദൈവകല്പന മറന്നു പാപത്തിനടിമപ്പെട്ടുപോയി. സാത്താൻ ക്ഷണിക്കപ്പെടാത്ത അഭ്യുദയ കാംക്ഷിയായി ദൈവജനത്തെ സമീപിച്ച് ഹൃദയത്തിൽ സംശയം ജനിപ്പിക്കുന്നു. തിരുവചനം പഠിക്കുമ്പോൾ ഹവ്വ ഏദെൻതോട്ടത്തിലേക്ക് സാത്താനെ ക്ഷണിച്ചതായി കാണുന്നില്ല. പിന്നെയോ ഹവ്വായെ തേടിവരുകയായിരുന്നു. എന്നാൽ എല്ലാമറിയുന്ന അഭ്യുദയ കാംക്ഷിയെപ്പോലെ സ്നേഹം നടിച്ച് സംഭാഷണം തുടങ്ങി ദൈവത്തിന്റെ നന്മയെക്കുറിച്ച് ഹവ്വായിൽ സംശയം ജനിപ്പിച്ചു. ദൈവം കല്പിച്ചിരിക്കുന്നത് തെറ്റാണെന്നു ധരിപ്പിച്ച് ദൈവത്തിലുള്ള വിശ്വാസം തകർത്തു. വൃക്ഷഫലം ഭക്ഷിച്ചാൽ മരിക്കില്ലായെന്നുള്ള പ്രലോഭനവാക്കും അവളെ ദൈവത്തിൽ നിന്നകറ്റി അനുസരണക്കേട് കാണിക്കാൻ പ്രാപ്തയാക്കി തന്മൂലം അവൾ വൃക്ഷഫലം നോക്കി പറിച്ചു തിന്നു. തന്മൂലം ദൈവതേജസ്സ് നഷ്ടപ്പെടുവാനിടയായി.

ദൈവജനമേ, തിരുവചനം ഇതൊക്കെ നമ്മെ ഓർമ്മപ്പെടുത്തുന്നത് "ദുഷ്ടന്റെ തന്ത്രങ്ങളെ നാമറിയാത്തവരല്ലല്ലോ" യെന്നുള്ള തിരുവചന ഊന്നലാണ്. യാക്കോബിന്റെ ലേഖനം 1:14 ൽ ഇപ്രകാരം കാണുന്നു ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു.

സംഖ്യാപുസ്തകം 22:12 ൽ നാം കാണുന്നു സ്വാർത്ഥലാഭങ്ങൾക്കും സ്ഥാനമാനങ്ങൾക്കുമുള്ള പരക്കം പാച്ചിലിൽ വക്രത നിറഞ്ഞ സ്വന്തം ന്യായീകരണത്തിലൂടെ ദൈവഹിതം മറന്നുപോയ ബിലെയാമിന്റെ അനുഭവങ്ങളെ വരച്ചുകാട്ടിയിരിക്കുന്നു. ആകയാൽ ദൈവജനം ജാഗ്രതയോടു കൂടിയിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. നമ്മിലെ ചിന്തകളെ സാത്താനു വായിക്കാനറിയില്ല. അതിന്റെ പ്രകടനങ്ങളെ അവനു മനസ്സിലാക്കാൻ സാധിക്കും. ആയതുകൊണ്ടാണല്ലോ ഹവ്വായെ സൂത്രത്തിൽ പറ്റിക്കാൻ സാധിച്ചത്. ഈ കാലഘട്ടം ദൈവജനത്തെ ദൃശ്യമാദ്ധ്യമങ്ങൾ അരാജകത്വത്തിലേക്ക് വലിച്ചിഴച്ചിരിക്കുകയാണ്. കാരണം ദൈവത്തിനു നല്കേണ്ട മഹത്വം, സമയം ഇതെല്ലാം കൂടാതെ ഭരണകൂടവും മ്ലേച്ഛതക്കു പ്രോത്സാഹനവും നല്കി ദൈവജനത്തെ തകർക്കുന്നു. ദൈവത്താൽ പണിയപ്പെട്ട കുടുംബങ്ങൾ തകർന്ന് തരിപ്പണമാകുന്ന കാഴ്ച നിത്യസംഭവമായി മാറുന്നു.

എസ്രായുടെ പുസ്തകത്തിൽ 9:2 ൽ ഇപ്രകാരം വായിക്കുന്നു. വിശുദ്ധ സന്തതികൾ ദേശനിവാസികളോട് ഇടകലർന്നുപോയി. ഇതു സംഭവിക്കാൻ കാരണം നാമറിഞ്ഞിരിക്കണം നമ്മുടെ വൈകാരിക മണ്ഡലത്തിൽ ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി സാത്താൻ ഒളിഞ്ഞിരുന്നു നമ്മെ പാപത്തിനധീനരാക്കുന്നതാണ് ഈ തകർച്ചയ്ക്കു കാരണം.

പ്രിയ ദൈവജനമേ, നമുക്ക് ദേഹിയിൽ വചനം സ്വീകരിച്ച് ശുദ്ധീകരണം പ്രാപിച്ച് വചനധ്യാനത്തിലൂടെ ഹൃദയ ദൃഷ്ടികളെ പ്രകാശിപ്പിച്ച് വചനം പുസ്തകത്താളുകളിൽ നിന്നും നമ്മുടെ ഹൃദയങ്ങളിൽ ജീവൻ പ്രാപിക്കട്ടെ. ആ വചനം നമ്മുടെ സ്വന്തമാകട്ടെ. ആ വചനം നമ്മെ വളർത്തും. വചനത്തിനു വളരാൻ നമുക്ക് ചെവികൊടുക്കാം. ഹൃദയം ചായിക്കാം.

ആയതുകൊണ്ട് ദൈവത്തിന്റെ സർവ്വായുധങ്ങൾ ധരിക്കാം. ദുഷ്ടന്റെ സകല തീയ്യമ്പുകളെയും കെടുത്തുവാൻ തക്കതായ വിശ്വാസമെന്ന പരിചയും ആത്മാവിന്റെ വാളും കരുതാം. സദൃശവാക്യം 7:2 ൽ ഇപ്രകാരം വായിക്കുന്നു. നീ ജീവിച്ചിരിക്കേണ്ടതിന്നു എന്റെ കല്പനക

*ശേഷം 10-ാം പേജിൽ കാണുക*

# മൂടുപടം

## 1 കൊരിന്ത്യർ 11:1-16

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



സഭയിൽ സ്ത്രീകൾ മൂടുപടം ഇടേണ്ടത് ആവശ്യമോ? വചനത്തിലൂടെ.

സ്ത്രീകൾ തലമൂടണമെന്നും പുരുഷന്മാർ തല മൂടരുതെന്നും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ദൈവസഭയിലും പ്രാർത്ഥനയോഗങ്ങളിലും അനുസരിക്കുന്നത് യോഗ്യമാണ് എന്നു 1 കൊരി 11-ാം അദ്ധ്യായം 1 മുതൽ 16 വരെ വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. സമൂഹത്തിലായാലും സഭയിലായാലും നാം എല്ലാവരും അധികാരത്തിന് അധീനരാണ്. എല്ലാ സഭാ വിഭാഗങ്ങളും ഒന്നുപോലെ അംഗീകരിക്കുന്ന ഒരു വിഷയം ആണ് സ്ത്രീകൾ സഭയിൽ മൂടുപടം അണിയേണം എന്നുള്ളത് (തല മൂടണം).

മൂടുപടത്തെക്കുറിച്ച് പഴയനിയമത്തിലും പുതിയനിയമത്തിലും കാണുവാൻ കഴിയും. പഴയനിയമത്തിൽ (ഉത്പത്തി. 24:62,65 വരെ) ഏലീയാസറിന്റെ കൂടെ യിസ്ഹാക്കിന്റെ ശ്രുതികേട്ട് ഇറങ്ങിത്തിരിച്ച റിബേക്കാ. ബേർ -ലഹയീരോയീയിൽ യിസ്ഹാക് നില്ക്കുന്നത് ദൂരത്തു വച്ച് കണ്ടപ്പോൾ തന്റെ മൂടുപടം എടുത്തണിഞ്ഞു. ഇത് യിസ്ഹാക്കിന് അവൾ കീഴടങ്ങിയിരിക്കുന്നു എന്നതിന്റെയും അവനോടുള്ള സ്നേഹബഹുമാനാദരവുകളുടെയും സൂചനയായിരുന്നു. ഉത്തമഗീതം- 4:1 ൽ ശൂനേംകാരി മൂടുപടം അണിഞ്ഞതായി വായിക്കുന്നു. യെശയ്യാവ് 3:1 -ൽ യഹോവ സീയോൻ പുത്രിയുടെ മൂടുപടം നീക്കിക്കളഞ്ഞതായി വായിക്കുന്നു. ഇതിൽ നിന്നും മനസ്സിലാക്കാം സീയോൻ പുത്രിമാർ മൂടുപടം അണിഞ്ഞിരുന്നുവെന്ന്. അബ്രാഹാമിന്റെ കാലം മുതൽ തന്നെ സ്ത്രീകൾ മൂടുപടം അണിഞ്ഞിരുന്നു. ചരിത്രപരമായി പരിശോധിച്ചാൽ മനസ്സിലാക്കാം അബ്രാഹാമിൽ നിന്നും ഉത്ഭവിച്ച രണ്ടു ജാതികൾ. യിശ്മായേല്യരും, യിസ്രായേല്യരും. ഇന്നും അവരുടെ സ്ത്രീകൾ മൂടുപടം നിർബന്ധമാക്കിയിരിക്കുന്നു. അറബിനാടുകളിൽ മറ്റു സ്ത്രീകളും മൂടുപടം ധരിച്ചേ മതിയാകൂ. കേരളത്തിൽ നിന്നും ജോലിക്കു പോകുന്ന ക്രിസ്തീയ സഹോദരിമാരെപ്പോലും നിർബന്ധിച്ചു മൂടുപടം അണിയിക്കുന്നു. കേരളത്തിൽ മുസ്ലീം സഹോദരിമാർ എപ്പോഴും മൂടുപടം ധരിച്ചാണ് നടക്കുന്നത്. ദേഹമാസകലം മൂടത്തക്കവണ്ണം ഉള്ള ഉടുപ്പ് അണിഞ്ഞാണ് അവർ നടക്കുന്നത്.

മൂടുപടം പുതിയ നിയമത്തിൽ (1 കൊരി 11:1-16 വരെ) ക്രിസ്ത്യാനികൾക്ക് ആധാരമായിരിക്കുന്നത്. കേവലം ആചാര മര്യാദകളോ പാരമ്പര്യങ്ങളോ അല്ല, തിരുവചനത്തിലെ ഉപദേശങ്ങളാണ്. മൂടുപടത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് 1കൊരി 11:1 മുതൽ 15 വരെയുള്ള വാക്യങ്ങളാണ്. ഒരു കൂടിവരവിൽ (ആത്മീയമായ) സ്ത്രീകൾ തലമൂടുന്നതുകൊണ്ട് ക്രിസ്തുവിന്റെ ശിരസ്ഥാനം സഭ അംഗീകരിക്കുന്നു. റിബേക്കാ യിസ്ഹാക്കിനു കീഴ്പ്പെട്ടതുപോലെ സഭ കാന്തനായ ക്രിസ്തുവിനു കീഴ്പ്പെടുന്നു എന്നു വെളിപ്പെടുന്നു. സ്ത്രീക്ക് ദൂതന്മാർ നിമിത്തം തലയിൽ അധീനതാ ലക്ഷ്യം ഉണ്ടായിരിക്കണം. സ്ത്രീകൾ പള്ളിയിൽ പോകുമ്പോൾ തലമൂടുന്നത് ബഹുമാന സൂചകമായും പുരുഷന്മാർ തല മൂടുന്നത് അപമാനമായും കരുതിയിരുന്നു. ഇന്നു ദൈവാലയത്തിൽ പുരുഷന്മാർ തൊപ്പി വെയ്ക്കുന്നു.

ഇത് ദൈവവചനത്തിൽ നോക്കിയാൽ തെറ്റാണ്. 1 കൊരി 11 -ലെ കാര്യങ്ങൾ കർത്താവിന്റെ കല്പനയാണ്. തല ക്രിസ്തുവാണ് എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു. സ്ത്രീയുടെ തല പുരുഷൻ; ക്രിസ്തുവിന്റെ തല ദൈവം. മൂടുപടം ഇട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതുപുരുഷനും തന്റെ തലയെ അപമാനിക്കുന്നു. മൂടുപടമില്ലാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു.

മൂടുപടം ഇട്ടു പ്രാർത്ഥിക്കുന്ന പുരുഷന്റെ തല മുഖാന്തരം ക്രിസ്തു അപമാനിക്കപ്പെടുവാൻ പാടില്ല. മൂടുപടം അണിയാത്ത സ്ത്രീയുടെ തല മുഖാന്തരം അവളുടെ തലയായ പുരുഷൻ അപമാനിക്കപ്പെടുന്നുവെന്നു പറയുന്നു. എന്നാൽ പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആയതുകൊണ്ട് തല മൂടേണ്ടതില്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. ഇതിന്റെ വെളിച്ചത്തിൽ മൂടുപടം ഇട്ടു പ്രാർത്ഥിക്കുന്ന പുരുഷനും, മൂടുപടം ഇടാതെ പ്രാർത്ഥിക്കുന്ന സ്ത്രീയും തല എന്ന ദൈവിക ഉപദേശത്തെ നിഷേധിക്കുകയാണ്. ദൈവം സ്ത്രീക്ക് പ്രകൃത്യാ തേജസ്സിന്റെ ഒരു മൂടുപടം കൊടുത്തിട്ടുണ്ട്. എന്നാൽ പുരുഷന് ദൈവം അത് കൊടുത്തിട്ടില്ല. ആത്മീയമായി ഒരു സ്ത്രീ പ്രാർത്ഥിക്കുമ്പോൾ അവൾക്കു ഒരു മൂടുപടം ആവശ്യമാണെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. സ്ത്രീ ദൈവസന്നിധിയിൽ മൂടുപടമിടാതെ വരുന്നത് യോഗ്യമല്ല. അത് ഭയഭക്തിയാദരവില്ലാത്തതാണെന്നാണ് പൗലൊസ് അപ്പൊസ്തലൻ വ്യക്തമാക്കിയിരിക്കുന്നത്. സ്ത്രീ മൂടുപടം ഇല്ലാതെ പ്രാർത്ഥിക്കുന്നത് യോഗ്യമോ? പുരുഷന്മാരും സ്ത്രീകളും ഒരുപോലെ ഈ കല്പന അനുസരിക്കണമെന്നാണ് പൗലൊസ് പറയുന്നത്. സ്ത്രീ തല മൂടുകയും പുരുഷൻ തലമൂടാതിരിക്കുകയും വേണം. ആകയാൽ സ്ത്രീക്ക് ദൂതന്മാർ നിമിത്തം തലമേൽ അധീനതാ ലക്ഷ്യം ഉണ്ടായിരിക്കണം. ദൈവസഭയിൽ വിധേയപ്പെടുന്ന ഒരു സ്ത്രീയുടെ തലയിൽ അധീനത കാണിക്കുന്നതിന്റെ അധികാരത്തിന്റെ അടയാളം ഉണ്ടായിരിക്കേണം എന്നു പൗലൊസ് പറയുന്നു. ഈ അധികാരം സ്ത്രീയുടെ തലമേൽ ആണെന്നു 10-ാം വാക്യം വ്യക്തമാക്കുന്നു. പുരുഷൻ മുടി നീട്ടിയാൽ അതു അവനു അപമാനം. സ്ത്രീ മുടി നീട്ടിയാലോ അതു മൂടുപടത്തിനു പകരം നല്കിയിരിക്കകൊണ്ടു അവൾക്കു മാനം ആകുന്നു. സ്ത്രീ തലമേൽ അണിയുന്നത് മൂടുപടം ആകയാൽ അധികാരം മൂടുപടം ആണ്. ദൈവത്തിന്റെ അധികാരത്തിലുള്ള മനുഷ്യൻ പാപം ചെയ്തപ്പോൾ അവന് ദൈവതേജസ്സ് നഷ്ടമായി. ദൈവത്തിന്റെ അധികാരത്തിന്റെ അടയാളവുമാണ് മൂടുപടം. ഈ മൂടുപടം സ്ത്രീയുടെ തലയിൽ ഉണ്ടായിരിക്കേണം. ഒരു സ്ത്രീ സഭയിൽ മൂടുപടമിട്ടുകൊണ്ട് സഭായോഗത്തിലേക്കുവരുന്നത് ദൈവസന്നിധിയിലുള്ള അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും അടയാളം ആണ്. പൗലൊസിന്റെ കാലത്ത് യഹൂദന്മാർ തലമൂടി പ്രാർത്ഥിക്കുമായിരുന്നു. മൂടുപടം ഇട്ടു പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീപുരുഷന്റെ തേജസ്സാണ്. യഹൂദന്മാരും റോമാക്കാരുമായ പുരുഷന്മാർ തലയിൽ മൂടുപടമിട്ടു പ്രാർത്ഥിക്കാറുണ്ട്. എന്നാൽ അത് ദൈവചനത്തിനെതിരാണ്. എന്നാൽ തല മൂടി പ്രാർത്ഥിക്കുന്നത് സ്ത്രീക്ക് മാനം ആണ്. എന്നാൽ പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. സ്ത്രീ പുരുഷന്റെ തേജസ്സ് ആയതുകൊണ്ട് പാപം മുഖാന്തരം പുരുഷന്റെ തേജസ്സിനും ഭംഗം സംഭവിച്ചതുകൊണ്ട് അതിന്റെ അടയാളമായി സ്ത്രീ തലമൂടേണം.

ആദാം ഹവ്വാമാർ പാപം ചെയ്തില്ലാ

യിരുന്നു എങ്കിൽ സ്ത്രീ തലയിൽ മൂടുപടം ഇടേണ്ട ആവശ്യംഉണ്ടാവുകയില്ലായിരുന്നു. എന്നാൽ മനുഷ്യന്റെ പാപംമൂലം മനുഷ്യന്റെ തേജസ്സ് മങ്ങിപ്പോയി. ഇതിന്റെ അടയാളമായി ട്ടാണ് സ്ത്രീ തലമൂടുന്നത്. പുരുഷന്റെയും സ്ത്രീയുടെയും മറയ്ക്കപ്പെട്ട തേജസ്സിനെ യാണ് സ്ത്രീയുടെ മൂടുപടം കാണിക്കുന്നത്. ഒരു ക്രിസ്തീയ പുരുഷന്റെ തല ക്രിസ്തുവും സ്ത്രീയുടെ തല പുരുഷനുമാണ്. സഭയിൽ ദൃശ്യമായ തല ഇല്ലാതിരിക്കെ പുരുഷന് അധി കാരമുള്ളതിനാൽ തലമൂടാതെ ക്രിസ്തുവിനു വിധേയപ്പെടണം. എന്നാൽ സഭയിൽ സ്ത്രീ പുരുഷന്റെ അധികാരത്തിന് ക്രിസ്തുവിൽ വിധേയപ്പെടുകയും അതിന്റെ അടയാളമായി തലമൂടുകയും വേണം. സ്ത്രീയുടെ തല പുരുഷൻ, മൂടുപടമില്ലാതെ പ്രാർത്ഥിക്കുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു. തലമൂടേണ്ടത് സഭായോഗങ്ങളിൽ മാത്രമല്ല ആത്മീയശുശ്രൂഷകൾ നടക്കുന്ന ഏതു സമ യത്തും സ്ത്രീകൾ തലമൂടേണം. പുരുഷൻ ക്രിസ്തുവിന്റെ പ്രതിനിധിയും, അധികാരമുള്ള വനുമാണ്. സ്ത്രീ മൂടുപടം ധരിച്ചുകൊണ്ട് ദൈവത്തിന്റെ കല്പനയനുസരിക്കുന്നത് മണ വാട്ടിയായ സഭ മണവാളനായ ക്രിസ്തുവിന് കീഴടങ്ങുന്നതിനെ സൂചിപ്പിക്കുന്നു. ഒരു സ്ത്രീ തലമൂടുന്നത് യേശുക്രിസ്തുവിലുള്ള വിധേ യത്വത്തിന്റെയും കീഴ്പ്പെടലിന്റെയും ഏറ്റവും ലഘുവായ ബാഹ്യപ്രതീകമാണ്. ദൈവസഭ യിൽ സ്ത്രീകൾ മൂടുപടമില്ലാതെ പ്രാർത്ഥി ക്കുകയോ പ്രവചിക്കുകയോ ചെയ്യുന്നത് ശരി യായ രീതിയല്ല. പൗലൊസ് പറയുന്നത് മൂടു പടം പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെട്ട മനുഷ്യന്റെ തേജസ്സ് വെളിപ്പെടുത്തുവാൻ ഉപ യുക്തമായ അടയാളമായിരിക്കണം. രക്ഷിക്ക പ്പെട്ട കാലം മുതൽ എല്ലാ പെൺകുട്ടികളും തല മൂടണം. ദൈവസന്നിധിയിൽ വരുമ്പോൾ അതിനു മുമ്പു പെൺകുഞ്ഞുങ്ങളെ പരിശീ ലിപ്പിക്കണം. യേശുക്രിസ്തുവിൽ വിശ്വസിച്ച പുരുഷൻ തലയിൽ മൂടുപടം ഇട്ട് പ്രാർത്ഥി ക്കാൻ പാടില്ല. സഭായോഗങ്ങളിൽ സ്ത്രീകൾ തല മൂടിവേണം പ്രാർത്ഥിക്കാൻ. പുരുഷൻ മുടി നീട്ടിയാൽ അതു അവനു അപമാനം എന്നും സ്ത്രീ മുടി നീട്ടിയാൽ അതു മൂടുപട ത്തിനു പകരം നല്കിയിരിക്കകൊണ്ടു അവൾക്കു മാനം ആകുന്നു എന്നു പ്രകൃതി തന്നെ നമ്മെ പഠിപ്പിക്കുന്നു. സ്ത്രീയുടെ നീണ്ട മുടി മൂടുപടത്തിനു പകരം നല്കിയിരി ക്കകൊണ്ട് അവളുടെ വ്യക്തിപരമായ തേജസ്സും വെളിപ്പെടുത്തുന്നു. ചില സ്ഥലങ്ങ ളിൽ സ്ത്രീകൾ മുടി കത്രിച്ചു കളഞ്ഞിട്ട് ആരാ ധനയ്ക്ക് വരുന്നു. മൂടുപടം അവർ ഇടുവാൻ വിസമ്മതിക്കുകയാണ്. മുടിയുണ്ടെങ്കിലും മൂടു പടം ഇടണം.

❑

---

*7-ാം പേജ് തുടർച്ച... (സാത്താന്റെ തന്ത്രങ്ങളെ...)*

ളെയും ഉപദേശത്തെയും നിന്റെ കണ്ണിന്റെ കൃഷ്ണമണിയെപ്പോലെ കാത്തുകൊൾക. നിന്റെ വിരലിന്മേൽ അവയെ കെട്ടുക; ഹൃദയ ത്തിന്റെ പലകയിൽ എഴുതുക. ജ്ഞാനത്തോടു നീ എന്റെ സഹോദരി എന്നു പറക. വിവേ കത്തിനു സഖി എന്നു പേർ വിളിക്ക.


ഹവ്വാമ്മച്ചിയെ തകർത്തവൻ അരികിലുണ്ടെ ന്നുള്ളതു ഓർമ്മിക്കുക

"ശത്രു നിന്റെ മുമ്പിലുള്ളതാൽ
തെല്ലുമേ ഭയന്നിടേണ്ട നീ
ഏന്തുക സർവ്വായുധം കോട്ട കാത്തുകൊ ള്ളുക.
ശത്രുവേ തുരത്തി മുന്നേറാം.

പാട്ടുകാരൻ പാടിയതുപോലെ നമുക്ക് ദൈവം തന്ന വിലപ്പെട്ട നിമിഷങ്ങൾ നിത്യതയ്ക്കു വേണ്ടി ഓടാൻ ഈ വചനങ്ങളാൽ കർത്താവ് നമ്മെ സഹായിക്കട്ടെയെന്നുള്ള പ്രാർത്ഥന യോടുകൂടി നിർത്തുന്നു.

❑

# എന്നെ തിരയുന്ന രണ്ടു കണ്ണുകൾ



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

**മ**ഴ ചന്നം പിന്നം പെയ്യുന്നുണ്ടായിരുന്നു. കോടക്കാറ്റ് വീശുന്നുമുണ്ട്. ഏലക്കാടുകളെ പട്ടണവുമായി ബന്ധിപ്പിക്കുന്ന വളഞ്ഞുപുളഞ്ഞ പാതയിലൂടെ ബസ് ഓടിക്കൊണ്ടിരിക്കുന്നു. ഒടിഞ്ഞ വളവുകൾ സമർത്ഥമായി കൈകാര്യം ചെയ്തുകൊണ്ടിരുന്ന ഡ്രൈവർക്ക് ചിലപ്പോഴെല്ലാം ബസ് പുറകോട്ട് എടുക്കേണ്ടിവരുന്നു. കാലം വരുത്തിയ മാറ്റം. വഴിയുടെ പ്ലാൻ തയ്യാർ ചെയ്യുമ്പോൾ നീളമുള്ള ബസുകൾ വരുമെന്ന് ചിന്തിക്കുവാൻ ആളുകൾക്ക് കഴിഞ്ഞില്ല.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

കണ്ണൂരിൽ നിന്നും മാനന്തവാടിയെ ലക്ഷ്യമാക്കി ഓടുന്ന ബസിൽ മിക്ക സീറ്റുകളിലും ആളുകൾ ഉണ്ടായിരുന്നു. ഇടത്തെ സൈഡ് സീറ്റിലിരുന്ന് പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ടിരുന്ന എന്നെ പുറകിൽ നിന്നും ആരോ തട്ടിവിളിച്ചു. കുശലപ്രശ്നങ്ങളിലൂടെ മനസ്സിലായി മദ്ധ്യതിരുവിതാംകൂറിൽനിന്നും സ്ഥലംമാറ്റ ഉത്തരവനുസരിച്ച് വരുന്ന ഒരു ജയിൽ വാർഡനാണ് അയാളെന്ന്.

മാനന്തവാടിയിൽ ഇറങ്ങി ഞങ്ങൾ ഇരുവരും ഓരോ ചൂടുചായ കുടിച്ചു. സബ് ജയിലിനെ ലക്ഷ്യമാക്കി യാത്ര തുടർന്നു. "സാറിന്റെ പരിപാടികൊണ്ടൊന്നും ഇവിടെ വലിയ പ്രയോജനമുണ്ടാകയില്ലായിരിക്കും" എന്നു പറയുവാനുള്ള ഒരുക്കം ആ വാർഡനുണ്ടായിരുന്നു. വിരസതയോടെയുള്ള ആ സംസാരത്തെ തിരിച്ചുവിട്ടത് വഴിയരികിൽ നടന്ന ഒരു ചെറിയ അടിപിടിയാണ്. "ദൈവമേ ഇന്ന് ഏതെങ്കിലും ഒരു ജീവിതത്തെ അവിടുന്ന് സ്പർശിക്കണമെ" എന്ന് പ്രാർത്ഥിച്ചുകൊണ്ടാണ് ഞാൻ ജയിലിലേക്കു കയറിയത്.

തികച്ചും ഹൃദ്യമായ ഒരു സ്വീകരണവും സ്നേഹപൂർവ്വമായ സമീപനവുമാണ് മേലുദ്യോഗസ്ഥന്മാരിൽ നിന്നും അന്നു ലഭിച്ചത്. കേരളത്തിലെ പല ജയിലുകളിൽവച്ച് കണ്ടുപരിചയപ്പെട്ടിട്ടുള്ളവരായിരുന്നു അവർ. എന്റെ സന്ദർശനത്തിന്റെ ലക്ഷ്യം അവർക്കറിയാമായിരുന്നു. "ഉപദേശി എത്തിയോ" എന്നുള്ള മുഖവുരയോടെ സൂപ്രണ്ട് എന്നെ തന്റെ മുറിയിലേക്കാനയിച്ചു. കുറ്റകൃത്യങ്ങൾ, നിയമത്തിന്റെ ബന്ധനങ്ങൾ, തടവുകാരന്റെ വ്യക്തിത്വം, ഭാവിജീവിതം തുടങ്ങി പല വിഷയങ്ങളെക്കുറിച്ചും ഞങ്ങൾ സംസാരിച്ചു. ഒരു തടവുകാരൻ യഥാസ്ഥാനപ്പെട്ട് സമൂഹത്തിൽ മാന്യമായി ജീവിക്കുന്നതിൽ അതീവ താത്പര്യം കാണിച്ച സൂപ്രണ്ട്, തടവുകാരെ സന്ദർശിക്കുന്നതിലും ഗവ. ഉത്തരവിൻ പ്രകാരം ക്രമീകരണങ്ങൾ ചെയ്തു തരുന്നതിലും സന്തുഷ്ടി കാണിച്ചു.

അന്ന് ജയിലിൽ പതിനൊന്നുപേർ മാത്രമെ ഉണ്ടായിരുന്നുള്ളൂ. 'തടവുകാരെല്ലാം മാനസാന്തരപ്പെട്ട് ജയിലുകളെല്ലാം ആളില്ലാതെ ശൂന്യമായിത്തീർന്നിരുന്നുവെങ്കിൽ....' എന്ന മുഖവുരയോടെ ഞാൻ ചില കാര്യങ്ങൾ തടവുകാരുടെ ചിന്തയ്ക്കായി അവതരിപ്പിച്ചു. ചിലർ കണ്ണുനീർ തുടയ്ക്കുന്നതു കാണാമായിരുന്നു. അവരുടെ കുടുംബത്തെയും മക്കളെയും കുറിച്ചുള്ള പരാമർശങ്ങൾ പലരെയും വേദനിപ്പിച്ചിരിക്കാം. ഭാവിയെക്കുറിച്ചുള്ള ആശങ്ക ചിലരിൽ പ്രകടമായിരുന്നു.

അല്പം അകലെയായി ഇരുമ്പഴികൾക്കുള്ളിൽ നിന്നും ഒരു മുഖം വളരെ ശ്രദ്ധയോടെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അകൃത്യം ചെയ്ത മനുഷ്യൻ, ലംഘനക്കാരനായ മനുഷ്യൻ, ധാർമ്മികമായി കടക്കാരനായിത്തീർന്ന മനുഷ്യൻ, അതെ പാപിയായ മനുഷ്യന് നീതിമാനും പരിശുദ്ധനുമായ ദൈവത്തോട് എങ്ങനെ ബന്ധപ്പെടാം, കുറ്റബോധത്തെ എങ്ങനെ നീക്കിക്കളയാം എന്നീ കാര്യങ്ങൾ

ദുഃഖത്തിന്റെയും നിരാശയുടെയും വേദനയുടെയും ഭാണ്ഡമഴിച്ചുകൊണ്ട് അവൾ കഥ പറഞ്ഞു "ഒരു പ്രേമനാടകത്തിലെ വഞ്ചിക്കപ്പെട്ട കഥാനായികയാണ് ഞാൻ ഹൈസ്കൂൾ കഴിഞ്ഞ് പാരലൽ കോളേജിൽ പഠിക്കുന്ന കാലത്ത് പ്രണയലേഖനവുമായി വന്ന ഒരു ചെറുപ്പക്കാരനെ ഞാൻ വിശ്വസിച്ചു, സ്നേഹിച്ചു. താൻ ഗർഭിണിയായി. വിവാഹം കഴിക്കാമെന്ന് ആണയിട്ടു പറഞ്ഞ എന്റെ കാമുകൻ, അല്ല വയറ്റിലെ കുഞ്ഞിന്റെ അച്ഛൻ നാടുവിട്ടു. വിവരം മനസ്സിലാക്കിയ എന്റെ വീട്ടുകാർ എന്നെ പുറത്താക്കി. അപമാനവും ഭയവും നിമിത്തം ഞാൻ ചുറ്റിത്തിരിഞ്ഞ് ഒരു വീട്ടിലെ വേലക്കാരിയായി. ഭർത്താവ് മരിച്ചു എന്ന് പറഞ്ഞ് കഴിഞ്ഞുകൂടി. അടുത്തുള്ള സർക്കാർ ആശുപത്രിയിൽ അഭയം പ്രാപിച്ചു. തക്കസമയത്ത് പ്രസവിച്ചു. അന്നു രാത്രി ആ ചോരക്കുഞ്ഞിനെ ഞാൻ ഞെക്കിക്കൊന്നു. അങ്ങനെ കൊലക്കേസ് പ്രതിയായി. ഞാൻ ജയിലിൽ വന്നു. ഈ കഠിനപാപവും അതു വരുത്തിയ കുറ്റബോധവും ദൈവം ക്ഷമിക്കുമോ?

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു എന്ന വാക്യത്തിൽ ആശ്രയിക്കുവാനും വിശ്വസിക്കുവാനും ഞാൻ അവളെ ഉപദേശിച്ചു. അവൾ അത് ചെയ്തു. അവൾ ആ ജയിൽ മുറിക്കുള്ളിൽ മുട്ടുകുത്തി പാപങ്ങളെ ഏറ്റുപറഞ്ഞു, പ്രാർത്ഥിച്ചു, മാനസാന്തരപ്പെട്ടു. കുറ്റബോധം നീങ്ങിപ്പോയി. പാപക്ഷമ ലഭിച്ചു എന്ന നിശ്ചയം പ്രാപിച്ചു.

ദൈവസ്നേഹത്തിന്റെ സന്ദേശം ഒരു ജീവിതത്തെ സ്പർശിച്ചതിൽ ഞാൻ സന്തോഷിച്ചു. ജയിലിലേക്ക് പ്രവേശിക്കുമ്പോൾ എന്റെ പ്രാർത്ഥനയും അതായിരുന്നുവല്ലോ.

സ്നേഹിതാ, കുറ്റബോധം നിങ്ങളെ അലട്ടുന്നുണ്ടോ? പാപബോധം നിങ്ങളുടെ സന്തോഷത്തെയും സമാധാനത്തെയും നഷ്ടപ്പെടുത്തുന്നുവോ? രക്ഷിതാവായ ക്രിസ്തു നിന്നിൽ നിന്നും ദൂരസ്ഥനല്ല. ഒരു പ്രാർത്ഥനയുടെ അകലം മാത്രമേയുള്ളൂ. അവനെ വിളിച്ചപേക്ഷിക്കുക. രക്ഷ പ്രാപിക്കുക. സമാധാനവും സന്തോഷവും അനുഭവിക്കുക. ഭാവിജീവിതം ഭദ്രമാക്കുക.

ഞാൻ സംസാരിക്കുന്നത് സൂക്ഷ്മമായി ശ്രദ്ധിച്ചുകൊണ്ടിരുന്നത് യൗവ്വനത്തിലേക്ക് പ്രവേശിച്ച ഒരു പെൺകുട്ടിയായിരുന്നു. ഞാൻ അരമണിക്കൂർ സമയം പല കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. ഒടുവിലായി പ്രാർത്ഥിച്ചു. പുതിയനിയമപ്രതികൾ ഓരോരുത്തർക്കും നല്കി.

ഞാൻ യാത്ര പറയുമ്പോൾ സ്ത്രീതടവുകാരെ നോക്കുന്ന ഉദ്യോഗസ്ഥ എന്നെ അന്വേഷിച്ചു വരുന്നു. "ഒരു പെൺകുട്ടിക്ക് സാറിനോട് ഒന്നു സംസാരിക്കണം" എന്ന ആവശ്യവുമായി. ഏതായാലും ആകട്ടെ എന്നു കരുതി ഞാൻ ഇരുമ്പഴിയുടെ അരികിലേക്ക് നീങ്ങി. കാഴ്ചയിൽ സാമാന്യം സൗന്ദര്യമുള്ള ഒരു യുവതി. "ഇവൾ ഇവിടെ വരുവാൻ പാടില്ലായിരുന്നല്ലോ" എന്ന ചിന്തയാണ് എന്നിലുദിച്ചത്. ഏങ്ങലടിച്ചുകൊണ്ടും കണ്ണീരൊപ്പിക്കൊണ്ടും അവൾ നിന്നു. " കാര്യം പറ, പിന്നെ കരയാം" എന്ന മനോഭാവത്തോടെ ഞാനും എന്തായിരിക്കും സംഭവം, മോഷണമോ, വേശ്യാവൃത്തിയോ, കൊലപാതകമോ? അഭ്യൂഹങ്ങൾ എന്നിൽ അലതല്ലി.

സാറിന്റെ പ്രസംഗം ഞാൻ കേട്ടു. എന്റെ കുറ്റബോധത്തെ എങ്ങനെ നീക്കിക്കളയാം, അതാണെന്റെ ആവശ്യം. കുറ്റബോധം എന്നെ തകർക്കുന്നു. ഒളിക്കാനിടമില്ല മരിക്കാൻ കഴിയുന്നില്ല. ജയിൽ എനിക്ക് ഭാരമല്ല, ഭക്ഷണവും പരിചരണവുമെല്ലാം ഇവിടെ കിട്ടുന്നുണ്ട്. പക്ഷേ, കുളിക്കാൻ പോയാലും കഴിക്കാൻ ഇരുന്നാലും ഉറങ്ങാൻ കിടന്നാലും കുറ്റബോധം എന്നെ പിന്തുടരുന്നു. ഞാൻ ഞെക്കിക്കൊന്ന പിഞ്ചുകുഞ്ഞിന്റെ ആ ചെറിയ കണ്ണുകൾ എന്നെ തുറിച്ചുനോക്കുന്നു. അവയിൽ നിന്നും വിടുതൽ കിട്ടുന്നില്ല" അത്രയും പറഞ്ഞൊപ്പിച്ചശേഷം അവൾ ഉറക്കെ കരയുവാൻ തുടങ്ങി. പത്തുമിനിട്ടെങ്കിലും കരഞ്ഞുകാണും.

കരച്ചിൽ അടങ്ങിയപ്പോൾ ഞാൻ പറഞ്ഞു, "ദൈവം നിന്നെ സ്നേഹിക്കുന്നു. ദൈവസ്നേഹത്തിന് ക്ഷമിക്കുവാൻ കഴിയാത്ത ഒരു പാപവും ലോകത്തിലില്ല. തകർന്ന സ്ഫടികം പൂർവ്വസ്ഥിതിയിലാക്കുവാൻ കഴിയുകയില്ല. തകർന്നു തരിപ്പണമായ ജീവിതത്തെ പുതിയതായി രൂപാന്തരപ്പെടുത്തുവാൻ യേശുക്രിസ്തുവിന് കഴിയും. പാപം ഏറ്റുപറയുക, ദൈവം ക്ഷമിക്കും. അപ്പോൾ കുറ്റബോധം നീങ്ങിപ്പോകും. വേറെ വഴിയില്ല"

❑

# ദാമ്പത്യസമത്വം അഥവാ മാതൃകാ ദമ്പതികൾ



എം. എം. ആൻഡ്രൂസ്, തിരുവനന്തപുരം

**സ്ത്രീ** പുരുഷ സമത്വം ഇന്ന് സജീവമായ ഒരു ചർച്ചാവിഷയമാണ്. എല്ലാ രംഗങ്ങളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യാവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കണമെന്ന് ആഗ്രഹിക്കയും വാദിക്കയും ചെയ്യുന്ന ഒരു സമൂഹത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. കുടുംബജീവിതത്തിലും ഭാര്യയ്ക്കും ഭർത്താവിനും തുല്യാവകാശവും അധികാരവും ഉണ്ടായിരിക്കണമെന്നാണ് അനേകരും വാദിക്കുന്നത്. എന്നാൽ വ്യക്തികളോ മാധ്യമങ്ങളോ അഭിപ്രായപ്പെടുന്നതിലുപരിയായി ദൈവവചനം എന്തുപറയുന്നു എന്നുള്ളതാണ് വിശ്വാസികൾക്കു പ്രമാണം. ഭാര്യാഭർത്താക്കന്മാർ കുടുംബജീവിതത്തിൽ പാലിക്കേണ്ട കടമകളും കർത്തവ്യങ്ങളും വളരെ വ്യക്തമായി പഠിപ്പിക്കുന്നത് വേദപുസ്തകം മാത്രമാണ്. ദൈവമക്കളെ സംബന്ധിച്ചിടത്തോളം ഭാര്യയും ഭർത്താവും ദൈവവചനം അനുശാസിക്കുന്ന രീതിയിലുള്ള എല്ലാ കടമകളും നിറവേറ്റുകയും വചനാനുസരണം ജീവിക്കയും ചെയ്യുമ്പോൾ അവർ ഇരുവരും ദൈവാനുഗ്രഹത്തിന്റെയും പ്രതിഫലത്തിന്റെയും കാര്യത്തിൽ തുല്യരാണ് അഥവാ സമത്വമുള്ളവരാണ്. എന്നാൽ ഭർത്താവ് ഭാര്യയുടെ ചുമതലയോ, ഭാര്യ ഭർത്താവിന്റെ ചുമതലയോ നിറവേറ്റി സമത്വം പാലിക്കുവാൻ ദൈവവചനം പഠിപ്പിക്കുന്നില്ല.

ദൈവവചനാനുസരണം കടമകൾ നിർവ്വഹിച്ച് ഭാര്യാഭർത്താക്കന്മാർ സമത്വം നിലനിർത്തുന്ന ഒരു കുടുംബത്തെക്കുറിച്ച് ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് വളരെ ശ്രദ്ധാർഹമാണ്. ബൈബിളിന്റെ ഇതരഭാഗങ്ങളിലോ, വിശ്വസാഹിത്യത്തിൽ തന്നെയോ സമാനതകളില്ലാത്ത ഒരു മാതൃകാ കുടുംബമാണ് അക്വിലാസിന്റെയും പ്രിസ്കില്ലയുടെയും ഭവനം. ഈ കുടുംബത്തെക്കുറിച്ച് ദൈവവചനത്തിൽ ആറു സ്ഥാനങ്ങളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ എല്ലാ ഭാഗങ്ങളിലും പരിശുദ്ധാത്മാവ് അവരെക്കുറിച്ച് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചേർത്തു പഠിച്ചാൽ കുടുംബജീവിതത്തിനും വിശ്വാസജീവിതത്തിനും പ്രയോജനകരമായ അനേകം ആത്മീയ പാഠങ്ങൾ ലഭിക്കുന്നതാണ്. അവയിൽ ചിലത് പരിശോധിക്കാം.

പുതിയനിയമ എഴുത്തുകാരായ ലൂക്കൊസും പൗലൊസുമാണ് ഈ കുടുംബത്തെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നത് ലൂക്കൊസ് അപ്പൊസ്തലപ്രവൃത്തികൾ 18-ാം അദ്ധ്യായത്തിൽ മൂന്നു പ്രാവശ്യവും (അപ്പൊ. 18:2, 18:18, 18:26), പൗലൊസ് റോമ. 16:3-4, 1കൊരി 16:19, 2 തിമൊ. 4:19 എന്നീ മൂന്നു വേദഭാഗങ്ങളിലുമാണ് അവരെക്കുറിച്ച് പരമാർശിച്ചിട്ടുള്ളത്. ഈ വേദഭാഗങ്ങളിൽ സവിശേഷമായ ചിന്ത അർഹിക്കുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കുക.

1. രണ്ട് എഴുത്തുകാരും ഈ ആറു സ്ഥാനങ്ങളിലും അവരുടെ പേരുകൾ ഒരുമിച്ചാണ് പറയുന്നത്. എഴുത്തുകാർ രണ്ടുപേരും അറിഞ്ഞുകൊണ്ടായിരിക്കയില്ലെങ്കിലും ഒരേ രീതിയിൽ രേഖപ്പെടുത്തുവാനിടയായത് തീർച്ചയായും പരിശുദ്ധാത്മ നിയോഗമാണെന്നുള്ളതിനു സംശയമില്ല. ഇവർ രണ്ടുപേരിൽ ആരെയെങ്കിലും ഒറ്റയ്ക്കു വേർപിരിച്ച് സംബോധന ചെയ്യുകയോ സൂചിപ്പി

ക്കുകയോ ചെയ്യുന്നില്ല. സാധാരണ സംഭാഷണങ്ങളിലോ എഴുത്തുകളിലോ ഭാര്യാഭർത്താക്കന്മാരെ ഇരുവരെയും ഒരു മിച്ചു പേരുപറഞ്ഞു സംബോധന ചെയ്യുന്ന രീതി കാണാറില്ലല്ലോ. ഈ ഭർത്താവും ഭാര്യയും വേർപെട്ടിരിക്കുന്ന യാതൊരു സന്ദർഭവും പരിശുദ്ധാത്മാവു രേഖപ്പെടുത്തി യിട്ടില്ല.

2. ഈ വേദഭാഗങ്ങൾ സൂക്ഷ്മമായി പരിശോ ധിച്ചാൽ ഭർത്താവിനോ ഭാര്യയ്ക്കോ ആർക്കെങ്കിലും ഒരാൾക്ക് മുഖ്യസ്ഥാനം കൊടുത്ത് രേഖപ്പെടുത്തുന്നില്ല എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. മൂന്നു സ്ഥാനങ്ങ ളിൽ (അപ്പൊ. 18:2, 18:26, 1 കൊരി 16:19) ആദ്യം അക്വിലാസിന്റെ പേരും, ബാക്കി മൂന്നു സ്ഥാനങ്ങളിൽ (അപ്പൊ. 18:18, റോമ. 16:3, 2 തിമൊ 4:19) പ്രിസ്ക്കില്ലയുടെ പേരു മാണ് ആദ്യം രേഖപ്പെടുത്തിയിരിക്കുന്നത്. ഇവരെ ഒരുമിച്ചു പറഞ്ഞിരിക്കുന്നു എന്നു മാത്രമല്ല ഇരുവർക്കും തുല്യ പരിഗണന യാണ് തിരുവെഴുത്തിൽ നല്കിയിരിക്കുന്നത്. ഈ കുടുംബത്തിൽ ആർക്കാണ് കൂടുതൽ ശ്രേഷ്ഠത എന്നു പറയുവാൻ കഴിയാത്ത വിധത്തിൽ അവർ ഒന്നായിരുന്നു എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. അക്വിലാ സിന്റെ സ്ഥാനം പ്രിസ്കില്ലയോ പ്രിസ്കി ല്ലയുടെ സ്ഥാനം അക്വിലാസോ വഹിച്ചു എന്ന് അർത്ഥമാക്കേണ്ടതില്ല. അവർ ഭാര്യാ ഭർത്താക്കന്മാരാണ്. ഭർത്താവെന്ന നിലയിൽ അക്വിലാസിനെയും ഭാര്യയെന്ന നിലയിൽ പ്രിസ്കില്ലയെയും ദൈവം ഏല്പിച്ച ചുമ തലകളും ശുശ്രൂഷകളും യാതൊരു മുട ക്കവും കൂടാതെ പൂർണ്ണമായും ദൈവഹിത ത്തിനു യോഗ്യമാംവണ്ണം നിറവേറ്റി എന്നാണ് നമുക്ക് മനസ്സിലാക്കുവാൻ കഴി യുന്നത്. ഭാര്യാഭർത്താക്കന്മാർ രണ്ടല്ല ഒന്നാ ണെന്നുള്ള തിരുവചന സത്യം അന്വർത്ഥ മാകത്തക്ക രീതിയിലായിരുന്നു അവരുടെ ജീവിതം. ഇത്ര മാതൃകാപരമായ വേറൊരു കുടുംബത്തെക്കുറിച്ച് തിരുവെഴുത്ത് രേഖ പ്പെടുത്തിയിട്ടില്ല. ദൈവം ഹവ്വയെ സൃഷ്ടിച്ച് ആദാമിനു തുണയായി കൊടുത്ത ശേഷം അവർ ഇരുവരെയും ചേർത്ത് ആദം എന്നു പേരിട്ടതായി കാണുന്നതുപോലെ (ഉത്പ 5:2) ഇവിടെയും ഏകത്വം എന്ന ആശയം ഒളിഞ്ഞിരിക്കുന്നതായി കാണാൻ കഴിയും.

3. പൗലൊസു പറയുന്ന മൂന്നു സ്ഥാനങ്ങ ളിലും ലൂക്കൊസ് പറയുന്നതിൽ നിന്നും വ്യത്യസ്തമായി അക്വിലാവ് എന്നും പ്രിസ്ക്ക എന്നുമാണ് പറയുന്നത്. പൗലൊ സിന് അവരോടുള്ള പ്രത്യേക വാത്സല്യം പ്രകടിപ്പിച്ചുകൊണ്ട് വിളിച്ച പേരുകൾ ആയി രിക്കാം എന്നേ മനസ്സിലാക്കുവാൻ കഴിക യുള്ളൂ. പലപ്പോഴും വാത്സല്യ സൂചകമായി നാമും പലരുടെയും പേരുകൾ മുഴുവൻ പറ യാതെ ചുരുക്കിപ്പറയുന്ന രീതി ഉണ്ടല്ലോ. പൗലൊസിന് ആ കുടുംബത്തോടുള്ള പ്രത്യേക സ്നേഹവും സൗഹൃദവും വാൽ സല്യവുമാണ് നാം കാണുന്നത്.

4. പ്രിസ്ക്കില്ലയെ അക്വിലാസിനോടൊപ്പം ചേർത്തു പറഞ്ഞിരിക്കുന്നതിന് വേദപ ണ്ഡിതന്മാർ പലവിധ ന്യായങ്ങൾ പറയാ റുണ്ട്. ഒരു പക്ഷേ പ്രിസ്ക്കില്ല അക്വിലാസി നെപ്പോലെയോ, ഒരു പടി കൂടുതലോ ആത്മീയ കാര്യങ്ങളിൽ തീക്ഷ്ണത ഉള്ളവ ളായിരുന്നിരിക്കാം എന്ന് ചിലർ കരുതുന്നു. മറ്റു ചിലർ പറയുന്നത്, ആദ്യം വിശ്വാസത്തി ലേക്ക് വന്നത് പ്രിസ്ക്കില്ലയും പ്രിസ്ക്കില്ല മുഖാന്തരം അക്വിലാസും വന്നിരിക്കാമെന്നാണ്. എന്തു തന്നെയായിരുന്നാലും ഇത്ര വിലയേ റിയ ഒരു ദാനമായി പ്രിസ്കില്ലയെ അക്വി ലാസിനു ലഭിച്ചതിൽ അക്വിലാസ് വളരെയ ധികം ദൈവത്തെ മഹത്വപ്പെടുത്തിയി രിക്കും എന്നതിൽ സംശയമില്ല.

5. അവർ ഒരുമിച്ചു ദൈവസേവ ചെയ്തു. അവർ ഇരുവരും ഒരേ നുകത്തിൻ കീഴിലുള്ള

ഇണകൾ തന്നെയായിരുന്നു. അവർ ഒരുമിച്ചു നിന്നു പോരാടിയതുകൊണ്ട് അവരുടെ ജീവിതത്തിൽ നേരിടേണ്ടിവന്ന ദുഃഖങ്ങളിലും കഷ്ടങ്ങളിലും അന്യോന്യം ഭാരങ്ങൾ പങ്കുവച്ച് പകുതിയായി കുറയ്ക്കുവാൻ സാധിച്ചു എന്നു മാത്രമല്ല അവരുടെ സന്തോഷത്തിലും അവർ ഇരുവരും ചേർന്ന് ഇരട്ടി മധുരമാക്കിത്തീർക്കുവാനും സാധിച്ചിരുന്നു എന്നുള്ളത് എത്രയോ വാസ്തവമാണ്. "Their unity has not only halved their sorrows but also doubled their joys". കുടുംബജീവിതത്തിൽ കഷ്ടങ്ങളും പ്രയാസങ്ങളും നേരിടുമ്പോൾ ഭാര്യാഭർത്താക്കന്മാർ അന്യോന്യം കുറ്റപ്പെടുത്തുന്നതിനു പകരം അവർ ഇരുവരും ചേർന്ന് ഭാരം വഹിക്കുമ്പോൾ അവയുടെ തീവ്രത എത്രയോ ലഘുവായി തോന്നും. മാത്രമല്ല സന്തോഷങ്ങളിൽ ഒരുമിച്ചു ചേർന്ന് ഇരട്ടിയാക്കി ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ അവരുടെ ഐക്യം എത്രയോ മതിയായതാണ്. അവർ രണ്ടല്ല ഒന്നായിരുന്നു "Their two hearts beat as one. They were no more twain but one flesh".

**അക്വിലാസ്**

പേരിന്റെ അർത്ഥം "കഴുകൻ" എന്നാണ്. റോമൻ സൈന്യത്തിന്റെ ചിഹ്നമായിരുന്നു കഴുകൻ. റോമൻ പട്ടാളത്തിലെ ഒരു വിഭാഗത്തിന്റെ തലവനായിരുന്ന ഒരാളുടെ കുടുംബപ്പേര് "അക്വിലാ" എന്നായിരുന്നു എന്ന് പഴയറോമൻ രേഖകളിൽ കാണുന്നുണ്ട്. ഒരു പക്ഷേ അക്വിലാസും ഈ കുടുംബത്തിൽ ജനിച്ച ഒരാളായിരുന്നിരിക്കാം. പേരിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ കർത്താവിനുവേണ്ടി ആത്മികയുദ്ധം നയിച്ച ഒരു മുന്നണിപ്പോരാളിയായിരുന്നു അക്വിലാസ് എന്നതിൽ സംശയമില്ല.

**പ്രിസ്ക്കില്ല**

"പ്രിസ്ക്കില്ല" എന്ന പേരിന്റെ അർത്ഥം ''പ്രാചീനമായ'' ''പഴയരീതിയിലുള്ള'' "ലാളിത്യം" (ancient, old-fashioned, simplicity) എന്നൊക്കെയാണ്. റോമൻ രേഖകളിൽ "പ്രിസ്ക്ക" എന്ന ഒരു കുടുംബപ്പേരു കാണുന്നുണ്ട്. പേരു സൂചിപ്പിക്കുന്നതുപോലെ ഒരു പഴമക്കാരി എന്നു വിശേഷിപ്പിച്ചേക്കാമെങ്കിലും കർത്താവിന്റെ എളിയദാസി എന്ന നിലയിൽ ഏറ്റവും ലളിതമായ ജീവിതമായിരുന്നു പ്രിസ്ക്കില്ലയുടേത് എന്നതിൽ സംശയമില്ല. കർത്താവിനോടുള്ള യഥാർത്ഥ ഭക്തി പുറമോടികളല്ല കർത്താവിനെ ഹൃദയത്തിൽ വാഴിച്ച് അവന്റെ കല്പന അനുസരിച്ചു ജീവിക്കുന്നതാണ് എന്ന യാഥാർത്ഥ്യം മനസ്സിലാക്കി ജീവിതത്തിൽ മാതൃകയാക്കിയവരായിരുന്നു അവർ ഇരുവരും.

**അവരുടെ അനുകരണീയമായ സ്വഭാവവിശേഷങ്ങൾ**

1. അവർ അതിഥികളെ സൽക്കരിക്കുന്നതിൽ മുൻപന്തിയിലായിരുന്നു. പൗലൊസ് സുവിശേഷഘോഷണാർത്ഥം കൊരിന്തിൽ വന്നപ്പോൾ അവർ അവരുടെ ഭവനം തുറന്നുകൊടുക്കുകയും ഒന്നരവർഷം പൗലൊസ് അവിടെ താമസിച്ചു കർത്താവിന്റെ വേല ചെയ്യുകയും ചെയ്തു. (അപ്പൊ. 18:2-3). പൗലൊസിനെ അതിഥിയായി ലഭിച്ചതുകൊണ്ട് അവരുടെ ജീവിതം എത്രയോ അനുഗ്രഹകരമായി ത്തീർന്നു. അവർ ഒരുമിച്ച് പ്രേഷിതവേലയിൽ ഏർപ്പെട്ടിരുന്നു എന്നു മാത്രമല്ല അവർ മൂവരും ഒരുമിച്ച് മുട്ടിന്മേൽ നിന്ന് സ്വർഗ്ഗത്തിലേക്ക് നോക്കിയപ്പോൾ സ്വർഗ്ഗം കടാക്ഷിച്ച് എത്രയോ അനുഗ്രഹങ്ങൾ അവരുടെ മേൽ ചൊരിഞ്ഞിരിക്കും. പൗലൊസിന് ലഭിച്ച അനേക മാർമ്മിക രഹസ്യങ്ങൾ നേരിട്ടു കേൾക്കുവാനുള്ള അവസരങ്ങൾ അവർക്കു ലഭിച്ചു. പൗലൊസിനോടൊപ്പം കർത്താവിനുവേണ്ടി അദ്ധ്വാനിച്ച ദിനങ്ങൾ അവർക്ക് മറക്കുവാൻ കഴിയുമായിരുന്നില്ല.

2. സുവിശേഷ പ്രവർത്തനങ്ങളോടൊപ്പം അവർ സ്വന്തമായി തൊഴിൽ ചെയ്തിരുന്നു. അവരുടെ തൊഴിൽ കൂടാരപ്പണിയായിരുന്നു. "തൊഴിൽ ഒന്നാകകൊണ്ട് പൗലൊസും അവരോടുകൂടെ പാർത്തു വേല ചെയ്തു പോന്നു" (അപ്പൊ. 18:3). ആ കാലങ്ങളിൽ ആട്ടിൻ

രോമവും ചണവും ഒക്കെ ചേർത്ത് കൂടാരങ്ങൾ നിർമ്മിച്ച് വിപണിയിൽ വില്ക്കുന്നത് ഒരു സാധാരണ വ്യാപാരമായിരുന്നു. അക്വിലാസിന് സ്വന്തമായി ഒരു വ്യാപാര സ്ഥാപനം ഉണ്ടായിരുന്നതായി കരുതുന്നതിൽ തെറ്റില്ല. പൗലൊസും അക്വിലാസും പ്രിസ്ക്കില്ലയും ചേർന്ന് നിർമ്മിച്ചിരുന്ന കൂടാരങ്ങൾ മേന്മയേറിയതും ന്യായമായ വില ഈടാക്കിയിരുന്നതും ആയിരിക്കും എന്നതിൽ സംശയമില്ല. യഹൂദന്മാരുടെ പ്രമാണമനുസരിച്ച് ഓരോ യഹൂദനും ബാല്യത്തിൽ തന്നെ ഏതെങ്കിലും ഒരു തൊഴിൽ പഠിച്ചിരിക്കേണ്ടത് നിർബന്ധമായിരുന്നു. റബ്ബിമാരുടെ എഴുത്തുകളിൽ ഇപ്രകാരം കാണുന്നു. "The father who failed to teach his son a trade, educated him to be a thief" ചെറുപ്പത്തിൽ തന്നെ മകനെ ഒരു തൊഴിൽ അഭ്യസിപ്പിക്കാത്ത പിതാവ് അവനെ ഒരു മോഷ്ടാവായിത്തീരുവാൻ പരിശീലിപ്പിക്കുകയാണ് എന്ന് അവർ വിശ്വസിച്ചിരുന്നു. നമ്മുടെ കർത്താവും തച്ചന്റെ പണി ചെയ്തിരുന്നതായി നാം കാണുന്നു. അപ്പൊസ്തലനായ പൗലൊസ് തന്റെ തിരക്കേറിയ ശുശ്രൂഷകൾക്കിടയിൽ തൊഴിൽ ചെയ്യുവാൻ അവസരങ്ങൾ കണ്ടെത്തിയെന്നുള്ളത് അത്ഭുതാവഹമാണ്. തന്റെയും മറ്റുള്ളവരുടെയും ബുദ്ധിമുട്ടുകൾ തീർക്കുവാൻ താൻ കൈകൊണ്ടു വേല ചെയ്തിരുന്നതായി പൗലൊസ് പലതവണ സാക്ഷ്യം പറയുന്നു (അപ്പൊ. 20:34, 1 തെസ്സ 2:9, 2 തെസ്സ 3:8).

3. അവർ സഹവിശ്വാസികളുടെ കഷ്ടങ്ങളിൽ തങ്ങളുടെ പ്രാണൻ ഉപേക്ഷിച്ചുപോലും സഹായങ്ങൾ നല്കിയിരുന്നതായി നാം കാണുന്നുണ്ട്. "അവർ എന്റെ പ്രാണനുവേണ്ടി കഴുത്തുവച്ചു കൊടുത്തവരാകുന്നു" (റോമ 16:4) എന്ന് പൗലൊസ് പറയുന്നു. ഈ സന്ദർഭം ഏതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഏതോ പ്രത്യേക അവസരത്തിൽ പൗലൊസ് കഷ്ടതയുടെ തീച്ചൂളയിൽ കൂടികടന്നു പോകുമ്പോൾ ജീവൻ തൃണവൽഗണിച്ച് കൊണ്ട് അവർ അവനുവേണ്ടി വലിയത്യാഗം സഹിച്ചു. സഹവിശ്വാസികളോടുള്ള സ്നേഹവും കരുണയും കരുതലും അവരുടെ മുഖമുദ്രയായിരുന്നു.

4. അവർ ദൈവവചനത്തിലും അഗാധ ജ്ഞാനം ഉള്ളവരായിരുന്നു. അപ്പൊല്ലൊസ് വാഗ്വൈഭവവും വചനം പ്രാഗത്ഭ്യത്തോടെ പ്രസംഗിക്കുന്നവനും ആയിരുന്നുവെങ്കിലും അവന് പരിജ്ഞാനത്തിലുണ്ടായിരുന്ന കുറവു പരിഹരിക്കുവാൻ ഈ ദമ്പതികൾ ആവശ്യമായ ഉപദേശം നല്കുന്നതായി നാം കാണുന്നു (അപ്പൊ. 18:26). പൗലൊസിന്റെ സാമീപ്യം അവർക്ക് ദൈവവചനത്തിൽ വേണ്ടുവോളം പ്രാഗത്ഭ്യം ലഭിക്കുവാൻ കാരണമായിരിക്കും.

5. അവരുടെ ഭവനത്തിൽ ഒരു സഭയുണ്ടായിരുന്നതായി നാം കാണുന്നു (1 കൊരി 16:19). അവരുടെ ജോലിത്തിരക്കിനിടയിലും ഒരു സഭാകൂടിവരവിനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കുവാനും സഭാസംബന്ധമായ ചുമതലകൾ വഹിക്കുവാനും അവർ ഒരുക്കമായിരുന്നു. ആദിമവിശ്വാസികൾ ഭവനങ്ങളിലാണ് സഭായോഗങ്ങൾ കൂടിവന്നിരുന്നത് എന്ന് ചരിത്രം സാക്ഷിക്കുന്നു.

ആദരണീയരായ ഈ ദമ്പതികളെക്കുറിച്ച് വളരെയധികം കാര്യങ്ങൾ ഇനിയും ചിന്തിക്കുവാൻ കഴിയുമെങ്കിലും അതിനു തുനിയുന്നില്ല. അവർക്ക് മക്കൾ ഉണ്ടായിരുന്നതായി നാം കാണുന്നില്ല. കുടുംബജീവിതത്തിൽ ഒരായുസ്സു മുഴുവനും ഇണപിരിയാതെ ഒരേ നുകം വലിച്ചുകൊണ്ടിരുന്ന ഈ ദമ്പതികൾ മരണത്തിലും ഒരുമിച്ചായിരുന്നു. അവർ ഒരുമിച്ചു തന്നെ ശിരഛേദം ചെയ്യപ്പെട്ടു എന്നു ചരിത്രം സാക്ഷിക്കുന്നു. റോമൻ കത്തോലിക്കർ എല്ലാ വർഷവും ജൂലൈ 8-ാം തീയതി അവരുടെ ഓർമ്മദിവസമായി ആചരിക്കുന്നു.

ഈ ദമ്പതികളുടെ ജീവിതം ദൈവമക്കളായ നമുക്ക് മാർഗ്ഗദർശകമായിരിക്കട്ടെ. അതിന് ത്രിയേകദൈവം സകലകൃപയും നല്കുമാറാകട്ടെ. ❑

# ധാർമ്മികാധഃപതനം



യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

**കാ**ലം കഴിയുംതോറും മനുഷ്യരുടെ ധാർമ്മികാധഃപതനം അതിരുവിട്ടുകൊണ്ടിരിക്കുകയാണ്. വിദ്യാസമ്പന്നരും സമൂഹത്തിൽ ഏറ്റവും ഉന്നതപദവിയിൽ കഴിയുന്നവരുടേയും ധാർമ്മികത ഇത്രമാത്രം അധഃപതിച്ച ഒരു കാലഘട്ടം മുമ്പ് ഉണ്ടായിട്ടില്ല. സകല ചരാചരങ്ങളെയും തന്റെ വാക്കിനാൽ നിർമ്മിച്ച സർവ്വശക്തനായ ദൈവം സൃഷ്ടിയിൽ മകുടമായ മനുഷ്യനെ മണ്ണുകൊണ്ട് മെനഞ്ഞുണ്ടാക്കി. അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. ആദ്യ മനുഷ്യനായ ആദാമിനെ സൃഷ്ടിച്ചു. സകല ഐശ്വര്യങ്ങളോടും ഏദൻ തോട്ടമുണ്ടാക്കി അതിൽ പാർപ്പിച്ചു. സൃഷ്ടിച്ചതൊക്കെയും നോക്കി നല്ലതെന്നു പറഞ്ഞു. എന്നാൽ തോട്ടത്തിൽ ഏകനായിരിക്കുന്ന മനുഷ്യനെ നോക്കി പറഞ്ഞത് മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നാണ്. ആ സ്ഥിതിക്ക് മാറ്റം വരുത്താൻ അവന് ഒരു ഗാഢനിദ്ര വരുത്തി വാരിയെല്ലിൽ ഒന്നെടുത്ത് ഒരു സ്ത്രീയെ നിർമ്മിച്ചു. ഒരു പുരുഷന് ഒരു സ്ത്രീയേയാണ് നിർമ്മിച്ചത്. ഒന്നിലധികം സ്ത്രീയേ നിർമ്മിച്ചില്ല.

സൃഷ്ടിയുടെ സകല വിവരവും ദൈവവചനമായ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് വിശ്വസ്തമായ സത്യവചനമാണ്. അതിൽനിന്നും ഒരു വള്ളിയോ പുള്ളിയോ മാറ്റാൻ മനുഷ്യർക്ക് ആർക്കും അവകാശമില്ല. ദൈവിക തീരുമാനത്തെ തകിടം മറിക്കുകയാണ് മനുഷ്യൻ ആദ്യം മുതൽ ചെയ്യുന്നത്. ദൈവത്തെ അവഗണിക്കുന്നത് പാപമാണ്. തിന്നരുത് എന്ന് പറഞ്ഞഫലം തിന്ന് അനുസരണക്കേടു കാണിച്ച ആദാമിന്നും ഹവ്വയ്ക്കും ഏദൻതോട്ടം വിട്ടുപുറത്തു പോകേണ്ടി വന്നു. ചില തലമുറകൾ കഴിഞ്ഞപ്പോൾ ബഹുഭാര്യാത്വം മനുഷ്യൻ തിരഞ്ഞെടുത്തു. പ്രകൃതി വിരുദ്ധമായ പാപം ചെയ്യുവാൻ മനുഷ്യൻ തുടങ്ങി. ധാർമ്മികമായ അധഃപതനം അനുദിനം വർദ്ധിച്ചു വന്നു.

സോദോം ഗോമോറായിൽ സംഭവിച്ചത് ആണോടുആണ് അവലക്ഷണമായ കാര്യമാണ്. ആകാശത്തുനിന്നും തീയും ഗന്ധകവും വർഷിപ്പിച്ച് ആ പട്ടണങ്ങളെ ന്യായം വിധിച്ചു. ഇന്ന് ഈ പാപം സർവ്വദാ വ്യാപിച്ചിരിക്കുകയാണ്. ദൈവികന്യായവിധിയുടെ അടയാളം ചാവുകടലാണ്. ജീവജാലങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത തടാകം. സകല ലോകത്തിലും പെറ്റുപെരുകിയ മനുഷ്യൻ ദൈവനിഷേധം ചെയ്തു പാപം പെരുകിവരുകയാണ്. ചെയ്യരുതാത്തതെല്ലാം ചെയ്യുവാൻ മടിയില്ല. ആദാമിന്റെയും ഹവ്വയുടെയും മക്കളായ കയീൻ ഹാബേലിനെ കൊലപ്പെടുത്തി. ഭൂമിയിൽ രക്തം ചിന്തിയപ്പോൾ ഹാബേൽ എവിടെ എന്ന് കയീനോടു ദൈവം ചോദിച്ചപ്പോൾ ഞാൻ എന്റെ അനുജന്റെ കാവല്ക്കാരനോ എന്നാണ് മറുചോദ്യം. ജീവൻ നല്കാൻ കഴിയാത്തവർക്ക് ജീവൻ എടുക്കുവാനും അവകാശമില്ല.

ഉത്പത്തി പുസ്തകത്തിൽ മനുഷ്യനെ നിർമ്മിച്ചതിൽ ദൈവം കോപിഷ്ഠനായി അവരുടെ നിർമ്മിതിയിൽ അനുതപിച്ചു. ജലപ്രളയംമൂലം അന്നുണ്ടായിരുന്ന സകല മനുഷ്യരേയും ജീവജാലങ്ങളേയും നശിപ്പിച്ചു. നോഹയും കുടുംബവും മാത്രം രക്ഷപ്പെട്ടു. അവരുടെ പിൻതലമുറയാണ് ഇന്നു കാണുന്ന സകല മനുഷ്യജാതിയും. അവിടെയും മനുഷ്യരുടെ അതിക്രമം പെരുകുകയാണ് ചെയ്തത്. ഒരു പുരുഷന് ഒന്നിലധികം സ്ത്രീകളെയോ സ്ത്രീക്ക് ഒന്നിലധികം പുരുഷന്മാരെയോ ദൈവം സൃഷ്ടിച്ചു നല്കിയില്ല. ഏകനായിരുന്ന

ആദാമിനെ കണ്ട് നന്നല്ല എന്നു കണ്ട ദൈവം തക്ക തുണയായി ഒരു പുരുഷനെ സൃഷ്ടിച്ചു നല്കിയില്ല.

ദൈവികവ്യവസ്ഥിതിയെ തകിടം മറിക്കുക എന്നതിന് ശത്രുവായ സാത്താൻ മനുഷ്യമാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. സമൂഹത്തിൽ നീതിയും ന്യായവും കുടുംബബന്ധങ്ങളിൽ ദൈവഹിത പ്രകാരമുള്ള സുതാര്യതയോ പാലിക്കാനാണ് കോടതിയും ജഡ്ജിമാരും ഒക്കെ നിയോഗിക്കപ്പെട്ടത്. ന്യായാധിപന്മാർ തന്നെ ദൈവഹിതത്തെ മാനിക്കാതെ വന്നാൽ സ്ഥിതി എന്താകും?

അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരുമെന്നറിക എന്ന് പൗലൊസ് അപ്പൊസ്തലൻ തിമൊഥെയൊസിന് എഴുതിയ ലേഖനത്തിൽ മുന്നറിയിച്ചിട്ടുണ്ട്. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദുഷ്ടന്മാരും, അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും, വാത്സല്യമില്ലാത്തവരും, ഇണങ്ങാത്തവരും, നിഗളികൾ, ധർഷ്ട്യക്കാർ ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരായി. 2 തിമൊഥെ. 3:1-9 വരെ ഈ മേലുദ്ധരിച്ച ദൈവിക പ്രവചനം നൂറ്റൊന്നു ശതമാനവും അക്ഷരാർത്ഥത്തിൽ ലോകത്ത് കാണപ്പെടുന്നില്ലേ? ദൈവവചനം ശരിയോ, തെറ്റോ എന്ന് നിങ്ങൾ സ്വയം ചിന്തിക്കുക. പാപം പെരുകിയ ഇടത്ത് ദൈവകൃപ വർദ്ധിച്ചതിനാൽ ന്യായവിധി വൈകുകയാണ്. ദുഷ്ടതയും അന്യായവും വ്യഭിചാരവും ആണോടാണും, പെണ്ണോടു പെണ്ണും അവലക്ഷണമായി ചെയ്യുന്ന പാപവും ദൈവം ഒരു കാലത്തും പൊറുക്കുകയില്ല.

ലോകത്തു നിയമവ്യവസ്ഥകൾക്ക് അടിസ്ഥാനമിട്ടത് വിശുദ്ധബൈബിളിനെ അടിസ്ഥാനമാക്കിയാണ്. ഈ സുതാര്യമായ നിയമവ്യവസ്ഥിതിയിൽ വെള്ളം ചേർത്താൽ ദൈവം ക്ഷമിക്കയില്ല. ദൈവിക ന്യായവിധി അടുക്കൽ വാതില്ക്കലായിരിക്കുന്നു.

അതിനാൽ സൂക്ഷ്മതയോടെ അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിരിപ്പാൻ ശ്രദ്ധിക്കുക. ഉണർന്നും ജാഗരിച്ചും കഴിയുക. ഉറങ്ങുന്നവരേ മരിച്ചവരുടെ ഇടയിൽനിന്നും എത്രയും വേഗം എഴുന്നേല്ക്കുക. ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. പാപം ചെയ്ത ദൈവനിഷേധികൾക്ക് നിത്യാഗ്നി ഒരുക്കിയിട്ടുണ്ട്. അതുകൊണ്ട് സമയം തക്കത്തിൽ ഉപയോഗിപ്പാൻ ബുദ്ധിയുള്ളവരായിരിക്കുക. യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷ പ്രാപിപ്പാനുള്ള അവസാന മണിക്കൂറിലാണ് നാം കഴിയുന്നത്. ത്രിയേകനാമം വാഴ്ത്തപ്പെടുമാറാകട്ടെ. ❑



## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക.

https://www.gncs.org BLOG Open ചെയ്താൽ ക്രൈസ്തവ വനിതയുടെ മുൻലക്കങ്ങൾ വായിക്കുവാൻ സാധിക്കും. നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**എഡിറ്റർ**

# ശത്രുക്കൾ പിടിച്ചുകൊണ്ടു പോകുന്ന മകൾ

ഡോ. ഉമ്മൻ ഫിലിപ്പ്, തിരുവനന്തപുരം



**ദൈ**വമക്കളുടെ ഭവനങ്ങളിൽനിന്നും ശത്രുക്കൾ പിടിച്ചുകൊണ്ടുപോകുന്ന മക്കൾ എല്ലാകാലത്തും ഉണ്ടായിട്ടുണ്ട്. ചിലർ പഠിച്ചുകൊണ്ടിരിക്കുന്ന കാലത്തു പിടിക്കപ്പെടുന്നു. മറ്റുചിലർ ജോലിസ്ഥലത്തു നിന്നും അപഹരിക്കപ്പെടുന്നു. ചിലർ കുടുംബജീവിതത്തിൽ നിന്നും മോഷ്ടിക്കപ്പെടുന്നു. വേറെ ചിലർ മാതാപിതാക്കളോടൊപ്പം വസിക്കുമ്പോൾ പോലും ചോർന്നു പോകുന്നു. ഇവരിൽ പലരും വിശ്വാസികൾ എന്ന പേരിൽ അറിയപ്പെട്ടവർ തന്നെയാണ്. അവർ കുടുംബപ്രാർത്ഥനകളിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്നവരാണ്. വേദപുസ്തകം വായിക്കയും പാട്ടുകൾ പാടുകയും ചെയ്യുന്നുണ്ട്. ചിലർ വാക്യങ്ങൾ ധാരാളം മനഃപാഠമായി ഉരുവിടുന്നു. ക്യാമ്പുകളിലും, കൂട്ടായ്മകളിലും അവർ സജീവമായി പങ്കെടുക്കുന്നു. എങ്കിലും അവരിൽപലരും ശത്രുക്കളാൽ പിടിക്കപ്പെടുന്നു. ഇതുമൂലം മാതാപിതാക്കളുടെ ഹൃദയങ്ങൾ തകരുന്നു. സഹോദരങ്ങൾ നിരാശരും ചിലപ്പോൾ പിന്മാറ്റക്കാരും ആയിപ്പോകാൻ ഇത്തരം സംഭവങ്ങൾ ഇടയാക്കുന്നു. പലരുടെയും കുടുംബജീവിതങ്ങൾ തകരുകയും അവരുടെ കുഞ്ഞുങ്ങൾ അനാഥരും, പങ്കാളികൾ വിഷാദരോഗങ്ങൾക്ക് അടിമകളായി തീരുകയും ചെയ്യുന്നു.

ദൈവമക്കൾക്കും അവരുടെ കുടുംബജീവിതങ്ങൾക്കും നേരെ ശത്രുവിന്റെ ആക്രമണം സദാപി ഉണ്ടായിക്കൊണ്ടിരിക്കും എന്ന കാര്യം ദൈവവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന ഒരു യാഥാർത്ഥ്യം ആകുന്നു. ആക്രമിക്കയും മോഷ്ടിക്കയും തകർക്കുകയും ചെയ്യാനായിട്ടാണ് ആട്ടിൻതൊഴുത്തിൽ വാതിലിൽകൂടെയല്ലാതെ വേറെ വഴിയായി കള്ളൻ വരുന്നത് (യോഹ 10:1,10). അവന്റെ ലക്ഷ്യം ദൈവമക്കളെ തകർക്കുകയും പിടിച്ചുകൊണ്ടുപോയി ശത്രുപാളയത്തിൽ തളച്ചിടുകയുമാണ്. അതിനായി അവൻ എന്തുഹീന മാർഗ്ഗവും ഉപയോഗിക്കും. അവൻ വെളിച്ച ദൂതന്റെ വേഷത്തിൽ പ്രത്യക്ഷനായി ദൈവമക്കളെ വലയിൽ അകപ്പെടുത്താൻ ശ്രമിക്കും. കാണ്മാൻ ഭംഗിയുള്ളതും ആസ്വദിക്കാൻ നല്ലതും ജ്ഞാനം പ്രാപിക്കാൻ കാമ്യവും ആയ അനേക ആകർഷണവസ്തുക്കളെ അവൻ ദൈവമക്കളുടെ മുമ്പിൽ അവതരിപ്പിക്കും. ഇതിന്റെയെല്ലാം ഗുണഗണങ്ങളെക്കുറിച്ച് പഞ്ചേന്ദ്രിയങ്ങളിൽകൂടി ദൈവമക്കളെ വ്യാജമായി ബോദ്ധ്യപ്പെടുത്തി ആകർഷിച്ച് കുറേശ്ശ അതിലേക്കടുപ്പിക്കും. അങ്ങനെ ലോത്തും ഗേഹസിയും, ദേമാസും, ദീനയും, ബിലെയാമും വീണുപോയതുപോലെ ഇന്നു അനേക പ്രിയപ്പെട്ട മക്കൾ വീണുപോകുന്നു. മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും കണ്ണീർ കടലിൽ നിപതിക്കുന്നു. സഭകളുടെയും സുവിശേഷത്തിന്റെയും സാക്ഷ്യം നഷ്ടപ്പെടുന്നു. മോഷ്ടിക്കപ്പെട്ടവരും വീണുപോയവരും പാപത്തിന്റെയും നഷ്ടബോധത്തിന്റെയും കുറ്റബോധത്തിന്റെയും നടുക്കടലിൽ ജീവിതം മുന്നോട്ടു തള്ളിവിടുന്നു.

ആരാണീ ശക്തരായ ശത്രുക്കൾ? ദൈവത്തിന്റെയും മനുഷ്യാത്മാവിന്റെയും നിത്യശത്രുവായ സാത്താനും അവന്റെ ആജ്ഞാനുവർത്തികളും സഹപ്രവർത്തകരുമായ ലോകവും ജഡവും തന്നെ. ചിലയിടങ്ങളിൽ സാത്താൻ നേരിട്ടും മറ്റു സമയങ്ങളിൽ അവന്റെ അധീനതയിലുള്ള ലോകത്തെയും ജഡത്തെയും ഉപയോഗിച്ചും ദൈവമക്കളെ

പാപത്തിൽ വീഴ്ത്തുകയും പുറകോട്ടു വലിക്കുകയും അവരുടെ വിശ്വാസകപ്പൽ തകർത്തുകളകയും ചെയ്യന്നു. അതിനായി ശത്രു ഉപയോഗിക്കുന്ന വലിയതും ശക്തി യേറിയതുമായ ആയുധങ്ങളാണ് ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ ആകർഷകവസ്തുക്കൾ. താത്ക്കാലിക ഭോഗേച്ഛയാലും ധനത്തിന്റെ വഞ്ചനയിൽ പെട്ടും അനേകർ പിടിക്കപ്പെടുന്നു.

അങ്ങനെ ശത്രുവിനാൽ പിടിക്കപ്പെട്ട ഒരാളായിരുന്നു ലോത്ത്. ഇദ്ദേഹം അബ്രഹാമിന്റെ ദർശനത്തിന്റെ പങ്കുകാരനും അബ്രാഹാമിനോടൊത്ത് കനാൻ നാട്ടിൽ എത്തി സത്യദൈവാരാധനയും കൂട്ടായ്മയും ഒക്കെ ആസ്വദിച്ച ഒരു ഭാഗ്യശാലി ആയിരുന്നു. എങ്കിലും നീരോട്ടമുള്ള ദേശവും സോദോമിലെ പ്രതാപവും എല്ലാം തന്റെ കണ്ണുകളെയും ഹൃദയത്തെയും വശീകരിച്ചുകളഞ്ഞു. അങ്ങനെ കുറേശ്ശ ചുവടുകൾവച്ച് താൻ കനാൻനാടുവിട്ട് സോദോമിലേക്ക് പോയി ആ ദേശത്തിന്റെ ആകർഷണവലയത്തിൽ വീണു പോയതായി കാണാം (ഉത്പത്തി 14). പിന്നെയും താനും കുടുംബാംഗങ്ങളും ശത്രു രാജാക്കന്മാരാൽ പിടിച്ചുകൊണ്ടു പോകപ്പെട്ടു. ഈ ഭവിഷ്യത്തുകൾക്കെല്ലാം കാരണക്കാരൻ ആരായിരുന്നു? ലോത്തു തന്നെ! സംശയമില്ല. ഇപ്രകാരം ശത്രുവിനാൽ പിടിക്കപ്പെട്ട ലോത്തുമാരോടും അവരുടെ കുടുംബങ്ങളോടും നാം എങ്ങനെ പ്രതികരിക്കണം? നിസംഗതയോ ഉപേക്ഷയോ അലസതയോ സ്വാർത്ഥതയോ അലംഭാവമോ ഏതാണ് കരണീയം? ഇവരെക്കുറിച്ച് വിശ്വാസികളായ നമുക്ക് നഷ്ടബോധമുണ്ടോ? ഇവരെയോർത്തു നമ്മുടെ ഹൃദയം വേദനിക്കുന്നുണ്ടോ? ഈ മക്കൾ നഷ്ടപ്പെട്ടുപോയതിൽ നമുക്ക് പങ്കുണ്ടോ? നാം അവർക്കുവേണ്ടി ഭാരത്തോടെ പ്രാർത്ഥിച്ചിട്ടുണ്ടോ? ഇവർ പിന്മാറ്റ ശത്രുവിന്റെ അതിർവരമ്പിനു സമീപത്തേക്ക് കുറേശ്ശ നീങ്ങിനീങ്ങി പോകുന്നതിന്റെ ലക്ഷണങ്ങൾ കണ്ടിട്ട് നാം അവർക്ക് ഭയനിർദ്ദേശം കൊടുത്തുവോ? അവരെ അന്വേഷിച്ച് പുറകെ പോയോ? ഇതൊക്കെയാണ് ക്രിസ്തീയ കൗൺസെലിംഗ് ശുശ്രൂഷയിൽ അന്തർലീനമായിരിക്കുന്നത്.

നഷ്ടപ്പെട്ടും മോഷ്ടിക്കപ്പെട്ടുംപോയ സഹോദരന്റെയും കുടുംബത്തിന്റെയും പുറകെ ആത്മഭാരത്തോടെ പോയി, ആത്മിക യുദ്ധം ചെയ്ത്, പ്രിയപ്പെട്ടവരെ വിടുവിച്ച് തിരിച്ചുകൊണ്ടുവന്ന അബ്രാഹാം നമുക്ക് മഹനീയമായ ഒരു മാതൃകയാണ്. അബ്രാഹാം സമയം നഷ്ടപ്പെടുത്താതെ, വിവരം അറിഞ്ഞയുടൻ പുറപ്പെട്ടു. തന്റെ കൈവശമുള്ള എല്ലാ വിഭവങ്ങളും സ്വന്തക്കാരുടെ വിടുതലിനായി താൻ ഉപയോഗിച്ചു. ശത്രുവിനെ വേഗത്തിൽ പിൻതുടർന്നു. യുദ്ധത്തിൽ ശത്രുവിനെ തോല്പിച്ചു. പ്രിയപ്പെട്ടവരെ തിരിച്ചുകൊണ്ടുവന്നു. അതിൽനിന്നും യാതൊരു ഭൗതിക നന്മയും താൻ ആഗ്രഹിച്ചില്ല. സ്വീകരിച്ചുമില്ല. എല്ലാത്തിന്റെയും മഹത്ത്വം താൻ ദൈവത്തിന് കരേറ്റി.

അബ്രാഹാം ഇത്രമാത്രം ത്യാഗോജ്ജ്വലമായി ലോത്തിനെയും കുടുംബത്തെയും വീണ്ടെടുത്തു എങ്കിലും ലോത്ത് പിന്നെയും സോദോമിലേക്ക് തിരിച്ചുപോയി എന്നത് തന്റെ ശോചനീയമായ ആത്മീയ അന്ധതയെയും ലോകസ്നേഹത്തെയും കാണിക്കുന്നു. എങ്കിലും ലോത്തിനും കുടുംബത്തിനുംവേണ്ടി പിന്നെയും ദൈവത്തോടു യാചിക്കുന്ന അബ്രാഹാമിനെ നമുക്കു കാണാം (ഉത്പത്തി 18:16-33).

അബ്രാഹാമിനെപ്പോലെ ശത്രുപിടിച്ചുകൊണ്ടുപോകുന്ന മക്കൾക്കുവേണ്ടി യുദ്ധം ചെയ്യാനും അവരെ വിടുവിക്കുവാനും അവർക്കായി തുടർന്നും ദൈവത്തോടു വാദിക്കുവാനുമായി ഇന്ന് വിടുതലിന്റെ ശുശ്രൂഷകരായ കൗൺസെലർമാരെ കർത്താവ് ക്ഷണിക്കുന്നു. "ആർ നമുക്കുവേണ്ടി പോകും" എന്ന കർത്താവിന്റെ ശബ്ദത്തിന് നാം എന്തുത്തരം നല്കും.

(തുടരും)

# അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശ ത്തിലേക്ക് നയിച്ച ദൈവം

വിദ്യാ ബാബു, തിരുവനന്തപുരം



**എ**ന്റെ പേര് വിദ്യാബാബു. ഞാൻ തിരുവനന്തപുരം ജില്ലയിൽ പാറോട്ടുകോണം എന്ന സ്ഥലത്ത് താമസിക്കുന്നു.

ഒരു സാക്ഷ്യം മറ്റൊരു സാക്ഷ്യത്തെ ഉളവാക്കുന്നു. ആയതിനാൽ എന്റെ ഈ സാക്ഷ്യം ദൈവനാമമഹത്ത്വത്തിനായി ഈ മാസികയിൽ എഴുതുവാൻ ആഗ്രഹിക്കുന്നു. ഇത് ഈ മാസിക വായിക്കുന്ന എല്ലാ ദൈവമക്കൾക്കും അനുഗ്രഹമായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്റെ മാതാപിതാക്കൾ ക്രിസ്തീയ ആചാരപ്രകാരം ആണ് വിവാഹം കഴിച്ചത് എങ്കിലും അന്നത്തെ ജീവിതസാഹചര്യത്തിൽ ഞങ്ങൾ 5 മക്കൾക്കും യേശുവിനെ മനസ്സിലാക്കി തന്നില്ല. അമ്പലവും ഇല്ല പള്ളിയും ഇല്ല എന്ന രീതിയിൽ ഞങ്ങൾ വളർന്നു, പക്ഷേ വചനം പറയുന്നതുപോലെ ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണ് എന്നെ കണ്ടു. (സങ്കീ. 139:16) അപ്രകാരം എന്റെ 19-ാമത്തെ വയസ്സിൽ ഒരു ക്രിസ്ത്യാനിയുമായി എന്റെ വിവാഹം നടന്നു. മാതാപിതാക്കൾക്ക് ക്രിസ്ത്യാനി എന്ന തലക്കെട്ട് ഉണ്ടായിരുന്നതുകൊണ്ട് വിവാഹത്തിന് തടസ്സം ഒന്നും ഉണ്ടായില്ല. ഞങ്ങൾ കത്തോലിക്കാ പള്ളിയിൽ പോയിത്തുടങ്ങി. ആദ്യമെല്ലാം പള്ളിയിൽ പോകുന്നത് എനിക്ക് ഇഷ്ടമല്ലായിരുന്നു. എങ്കിലും ജീവിതപങ്കാളിയുടെ നിർബന്ധപ്രകാരം പള്ളിയിൽ പോകുമായിരുന്നു. എങ്കിലും ഒരു വിശ്വാസവും ഇല്ല വചനം അറിയില്ല ബൈബിൾ തുറന്നുപോലും നോക്കിയിട്ടില്ല. ഈ ലോകമായയിൽ ഞങ്ങൾ നടന്നു. 4 വർഷം കടന്നുപോയി ഞങ്ങൾക്കു കുഞ്ഞുങ്ങൾ ലഭിച്ചില്ല, ഇതിനായി ഞങ്ങൾ മനുഷ്യരിൽ ആശ്രയിച്ച് പല പള്ളികളിലും പോയി പ്രാർത്ഥിക്കുകയും നേർച്ചക്കാഴ്ചകൾ നടത്തുകയും ചെയ്തു. പലരും പരിഹസിക്കുവാൻ ഇടയായി. എന്നാൽ 113-ാം സങ്കീർത്തനം 9-ാം വാക്യം ഇങ്ങനെ പറയുന്നു. അവൻ വീട്ടിൽ മച്ചിയായവളെ മക്കളുടെ അമ്മയായി സന്തോഷത്തോടെ വസിക്കുമാറാക്കുന്നു. ഞങ്ങൾ വളരെ വേദനയും സങ്കടവും അനുഭവിച്ചു.

ദൈവം മനസ്സലിഞ്ഞു ഞാൻ ഗർഭിണി ആയി. 1989 ഏപ്രിൽമാസം ദൈവം എനിക്ക് ഒരു മകനെ തന്നു, പക്ഷെ ആ കുഞ്ഞിന് 3 ദിവസം മാത്രമേ ആയുസ്സുണ്ടായിരുന്നുള്ളൂ. ഞങ്ങൾ വീണ്ടും നിരാശയിലായി, എങ്കിലും ഞങ്ങൾ വീണ്ടും ദൈവത്തെ വിളിച്ചപേക്ഷിച്ചു. ഹൃദയങ്ങളെ അറിയുന്ന ദൈവം, മനസ്സ് തകർന്നവരെ രക്ഷിക്കുന്ന ദൈവം വീണ്ടും മനസ്സലിഞ്ഞു.1990 ൽ ഒരു മകനെയും 1991 ൽ ഒരു മകളെയും നല്കി അനുഗ്രഹിച്ചു. അങ്ങനെ ഞങ്ങളുടെ ജീവിതം വളരെ സമാധാനവും സന്തോഷവും ഉള്ളതായിത്തീർന്നു. അപ്പോഴും ഞാൻ യേശുവിനെ അറിയാത്ത ഒരു നാമമാത്ര ക്രിസ്ത്യാനിയായിരുന്നു. എന്നാൽ 2008 ആഗസ്റ്റ് മാസം എന്റെ കുടുബത്തെ മാറ്റിമറിച്ച ഒരു സംഭവം ഉണ്ടായി. എനിക്ക് ഒരു സഹോദരൻ മാത്രമാണുള്ളത് അവന്റെ 2 ആൺമക്കളിൽ മൂത്തമകൻ 4 വയസ്സ് മാത്രം പ്രായമുള്ള കുഞ്ഞ് പനിയുടെ ഭാരത്താൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആയി. പല മരുന്നുകളും പല ടെസ്റ്റുകളും നടത്തി അവസാനം അവന് ബ്ലഡ് ക്യാൻസർ ആണെന്ന് ഡോക്ടർമാർ കണ്ടെത്തി. അവനെ RCC യിലേക്ക് മാറ്റി. വളരെ ഗുരുതരമായ അവസ്ഥയിൽ ആയി, ഏത് നിമിഷവും ഈ കുഞ്ഞ് മരിച്ച് പോകും എന്ന് ഡോക്ടർമാർ പറഞ്ഞു.

ഞങ്ങൾ കുടുംബക്കാർ എല്ലാപേരും വളരെ വേദനിച്ചു. തീച്ചൂളയുടെ അനുഭവത്തിലൂടെ ഞങ്ങൾ കടന്നുപോയി. ആ സമയത്ത് ഞങ്ങളുടെ ഒരു ബന്ധു മുഖാന്തരം ഒരു പ്രാർത്ഥന കൂട്ടായ്മയിലേക്ക് ഞങ്ങൾ കടന്നുപോയി. അവിടെ എല്ലാ ദൈവമക്കളുടെയും പ്രാർത്ഥന ഞങ്ങൾക്ക് അനുഗ്രഹമായി. വിശ്വാസത്തോടു കൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും എന്ന് യാക്കോബിന്റെ ലേഖനം 5-ാം അദ്ധ്യായം 15-ാം വാക്യം പറയുന്നു. സഭ ഒന്നടങ്കം കുഞ്ഞിന് വേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ട് ഒന്നര മാസത്തിനുശേഷം പൂർണ്ണസൗഖ്യത്തോടെ ജീവനോടെ RCC യിൽ നിന്ന് പുറത്ത് കൊണ്ടുവരുവാൻ എന്റെ ദൈവം സഹായിച്ചു.

ഇപ്പോൾ ഈ മകൻ 9-ാം ക്ലാസ്സിൽ പഠിക്കുന്നു. 50-ാം സങ്കീർത്തനം 15-ാം വാക്യം ഇങ്ങനെ പറയുന്നു. കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.

ഈ അത്ഭുത വിടുതൽ മുഖാന്തരം ഞങ്ങൾ കത്തോലിക്കാ വിശ്വാസംവിട്ട് 2010 ജനുവരി 13-ാം തീയതി രക്ഷയുടെ അനുഭവത്തിലേക്ക് കടന്ന് വന്ന് സ്നാനപ്പെട്ട് സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കുന്നു. യോഹന്നാൻ 8:32 ൽ പറയുന്നു "സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും"

കഴിഞ്ഞ കാലത്തിലേക്ക്തിരിഞ്ഞ് നോക്കുമ്പോൾ 119-ാം സങ്കീർത്തനം 71-ാം വാക്യത്തിൽ പറയുംപോലെ നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്ക് ഗുണമായി.

എന്റെ ജീവിതത്തിൽ കടന്നുവന്ന എല്ലാ കഷ്ടങ്ങളും എന്റെ നന്മയ്ക്കായി ദൈവം ഒരുക്കിയ പദ്ധതി ആയിരുന്നു. ദൈവാശ്രയത്തിലേക്ക് കടന്നു വന്നതിനുശേഷം ബന്ധുക്കൾ ശത്രുക്കൾ ആയിമാറി. പഴിയും ദുഷിയും പരിഹാസവും ഏല്ക്കുന്നുവെങ്കിലും ഭാരപ്പെടുന്നില്ല ദൈവം കൂടെയുണ്ട്. എത്ര കാലം ഈ ഭൂമിയിൽ ആയിരിക്കുന്നുവോ അത്രയുംകാലം ഞങ്ങൾ കുടുംബമായി ദൈവനാമമഹത്വത്തിനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നു. ഇയ്യോബ് 13:15 പറയുന്നതുപോലെ അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും. ഞാൻ എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും. എന്റെ അനുഭവം അനേക ആത്മാക്കൾ ദൈവസന്നിധിയിൽ വരുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളയില്ല എന്നരുളിച്ചെയ്ത സർവ്വകൃപാലുവായ ദൈവത്തിന് സർവ്വമഹത്വവും പുകഴ്ചയും ബഹുമാനവും. ആമേൻ.

❑


## Quest 65ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
2. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
3. ഏലിയാമ്മ പി.ജി. ഓമല്ലൂർ, പത്തനംതിട്ട
4. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
5. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
6. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി.
7. ജെസ്സി മോൻസൺ, കരിയംപ്ലാവ്,
8. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
9. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
10. വത്സമ്മ സാം, മരുതൂർ, തിരുവനന്തപുരം
11. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
12. തങ്കമ്മ ദാനിയേൽ, കിഴക്കുംപാട്ടുകര, തൃശ്ശൂർ
13. കെ. വി. ലീല, പുളിക്കൽ കവല, കോട്ടയം
14. ദിവ്യാ ജസ്റ്റിൻ, പെരുന്താന്നി, കാഞ്ഞിരംകുളം
15. ബീനാ സുരേഷ്, പുറവൂർകോണം, കരകുളം

Quest 65 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. മുഴുവൻ ശരി ഉത്തരങ്ങൾ അയച്ച ഏവർക്കും ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ - ക്വെസ്റ്റ് മാസ്റ്റർ

# ഊന്നുവടി

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



എന്റെ വന്ദ്യപിതാവിനു ഒരു ഊന്നുവടി ഉണ്ടായിരുന്നു. വളരെ മനോഹരവും വിലയേറിയതുമായ ഒരു വടി. അതദ്ദേഹത്തിനു സമ്മാനമായി മകൾ മേരി (അഞ്ചൻ) നല്കിയതായിരുന്നു. അപ്പച്ചന്റെ ദേഹവിയോഗത്തിനു ശേഷം (1985) ആ വടി, എന്റെ പിതാവിന്റെ ''ഓർമ്മസ്തംഭ''മായി ഞാൻ സൂക്ഷിച്ചു. ആവശ്യം വരുമ്പോൾ എനിക്ക് ഉപയോഗിക്കാമെന്നു കരുതിയല്ല ഞാനതു സൂക്ഷിച്ചത്. അതിനൊരു ഗൃഹാതുരത്വം ഉണ്ടായിരുന്നു. ഇക്കഴിഞ്ഞദിവസം ആ വടി നോക്കിയപ്പോൾ ഒരിടത്തും കാണാൻ കഴിഞ്ഞില്ല. ഊന്നുവടി ആവശ്യമായ ആരോ എന്റെ അറിവുകൂടാതെ അതു കൈയ്ക്കലാക്കി എന്ന നിഗമനത്തിലാണു ഞാൻ. അഹരോന്റെ തളിർത്തവടി സമാഗമന കൂടാരത്തിലെ നിതാന്തശേഖരങ്ങളുടെ ഭാഗയമായതുപോലെ എന്റെ പ്രിയ പിതാവിന്റെ സന്തതസഹചാരിയായിരുന്ന വടി എന്റെ ഭൗതിക ശേഖരങ്ങളുടെ ഒരു ഭാഗമായിരുന്നു. അതു നഷ്ടമായതിൽ ഞാൻ ഖേദിക്കുന്നു. എന്റെ നഷ്ടബോധത്തിൽ നിന്നും പ്രചോദനം ആർജ്ജിച്ചാണ് ഈ വരികൾ കുറിക്കുന്നത് (ഈ വിവരം അറിഞ്ഞ എന്റെ സഹോദരി മേരി തന്റെ ഊന്നുവടി എനിക്കു നല്കാമെന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്).

ഉത്പത്തി 32:10 ലാണ് വേദപുസ്തകത്തിൽ ആദ്യമായി വടിയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്. സ്വന്തം പിതാവിനെ കബളിപ്പിച്ച് ജ്യേഷ്ഠാവകാശം സ്വായത്തമാക്കിയ യാക്കോബ് ഏശാവിനെ ഭയന്ന് മണലാരണ്യത്തിലൂടെ ഏകനായി മാതൃഭവനം തേടിപ്പോകുമ്പോൾ അവനു ആകെയുണ്ടായിരുന്ന കൈമുതൽ ഒരു വടി മാത്രമായിരുന്നു. പിന്നീട് ചാരപ്പണി ചെയ്യാൻ പോയ ഒറ്റുകാരുടെ കരങ്ങളിലും (സംഖ്യാ. 13:23), ബാലാക്കിന്റെ കൂലി മോഹിച്ച് ഇസ്രയേലിനെ ശപിക്കാൻ പോയ ബിലെയാമിന്റെ കൈയിലും ഉണ്ടായിരുന്നു വടി. പ്രവാചകനായ എലീശയ്ക്കും വടി ഉണ്ടായിരുന്നതായി 2 രാജാ. 4:29-ൽ വായിക്കുന്നു... പുതിയ നിയമത്തിലേക്കു കടക്കുമ്പോൾ കേവലം രണ്ടു സ്ഥലങ്ങളിലേ വടിയെക്കുറിച്ചു കാണുന്നുള്ളൂ. അവ മർക്കൊസ് 6:8 ലും എബ്രായർ 11:21 ലുമാണ്. വടിയുടെ വൈവിദ്ധ്യമാർന്ന ഉപയോഗങ്ങൾ വേദപുസ്തകത്തിന്റെ താളുകളിൽ ആലേഖനം ചെയ്തിരിക്കുന്നു. അതിലേക്കു കടക്കുകയല്ല ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ഊന്നുവടി ഒരു കാഴ്ചവസ്തുവല്ലെന്നും അതിന്റെ പരമപ്രധാനമായ ഉപയോഗം കാലുകളുടെ ബലക്ഷയത്തെ അതിജീവിക്കാനാണെന്നുമുള്ള യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ സ്വയം പ്രതിരോധം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ പ്രതിരോധത്തിനുപയുക്തമായ ആയുധമായും ഉപയോഗിക്കുന്നവരും ചുരുക്കമല്ല. ആട്ടിടയന്മാർ, കന്നുകാലികളെ മേയ്ക്കുന്നവർ തുടങ്ങിയവരുടെ രക്ഷോപായങ്ങളിൽ വടിയും കോലും ഉൾപ്പെട്ടിരിക്കുന്നു. അവ കൂട്ടത്തെ നിയന്ത്രിക്കുവാനും, അവയ്ക്ക് മരച്ചില്ലകൾ താഴ്ത്തിക്കൊടുക്കുവാനും ശത്രുക്കളെ നേരിടാനും ആയിരുന്നു ഉപയോഗിച്ചിരുന്നത് (യോഹ. 10:1–18). 23–ാം സങ്കീർത്തനത്തിലെ നല്ല ഇടയനെക്കുറിച്ചുള്ള വർണ്ണനയിൽ "നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു" എന്നു കാണുന്നു. പകലന്തിയോളം അജഗണങ്ങളെ പാലനം ചെയ്യുന്ന അജപാലകൻ ക്ഷീണിതനാകുമ്പോൾ ഊന്നുവടി അവനു വളരെ സഹായകമായിരുന്നു. ദിവസം മുഴുവനും അവൻ ഊന്നുവടിയെ ആശ്രയിച്ചിരുന്നില്ല. അവനു ക്ഷീണം തോന്നുമ്പോൾ, ആടുകൾ കൂട്ടംവിട്ടലയുമ്പോൾ, ശത്രുക്കളെ നേരിടേണ്ടി

വരുമ്പോൾ മാത്രമായിരുന്നു അവൻ ഊന്നുവടിയെ ആശ്രയിച്ചത്.അഥവാ, ആവശ്യസന്ദർഭങ്ങളിൽ മാത്രമേ ഊന്നുവടി ഉപയോഗിക്കുന്നുള്ളൂ.

നമ്മിൽ അനേകരും ദൈവത്തെ കേവലം ഒരു ഊന്നുവടിയായിട്ടല്ലേ കാണുന്നത്? ജീവിതയാത്രയിലെ കല്ലും മുള്ളും തള്ളിനീക്കാൻ, രോഗസൗഖ്യത്തിന്, കുഞ്ഞുങ്ങൾക്ക് പരീക്ഷയിൽ ഉന്നതമാർക്കുകൾ കരസ്ഥമാക്കാൻ, അഥവാ, കാര്യസാധ്യത്തിനുവേണ്ടി മാത്രം ഉപയോഗമുള്ള ഒരു ഊന്നുവടി. പാലം കടക്കുവോളം മതി ആ വടി. പാലം കടന്നുകിട്ടിയാൽ പിന്നെ ആ വടി വേണ്ടിവരുന്നത് അടുത്ത പാലം സമീപിക്കുമ്പോൾ മാത്രം. എന്റെ പ്രിയ വായനക്കാരേ, നിങ്ങൾ ഒന്നു ചിന്തിക്കുക, മേല്പറഞ്ഞതു സത്യമല്ലേ എന്ന്. പ്രതിസന്ധികൾ വരുമ്പോൾ നാം എത്ര തീവ്രമായി പ്രാർത്ഥിക്കും? രോഗം വന്നുപിടിക്കുമ്പോൾ എവിടെല്ലാം പ്രാർത്ഥനാക്കൂട്ടമുണ്ടോ അവിടെല്ലാം പോകയോ അവരോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയോ ചെയ്യാറില്ലേ? കുഞ്ഞുങ്ങളുടെ സ്കൂൾ പരീക്ഷകൾ വരുമ്പോൾ ആരോടൊക്കെയാണു അവരുടെ ഉന്നതവിജയത്തിനുവേണ്ടി പ്രാർത്ഥിക്കാൻ ആശ്യപ്പെടുക? ഗുഡ്ന്യൂസിൽ അത്തരം നിരവധി പ്രാർത്ഥനാഭ്യർത്ഥനകൾ ലഭിക്കാറുണ്ട്. കുട്ടികൾ പാഠങ്ങൾ പഠിക്കാതെ ഉഴപ്പിനടന്നിട്ട് പരീക്ഷവരുമ്പോൾ ആരെങ്കിലും പ്രാർത്ഥിച്ചാൽ അവരെങ്ങനെ ജയിക്കുമെന്നു അറിഞ്ഞുകൂടാ. ഉദ്ദിഷ്ടകാര്യസാധ്യത്തിനുള്ള ഊന്നുവടിയല്ല നമ്മുടെ ദൈവം!

പ്രിയ സ്നേഹിതാ, ദൈവത്തെ താങ്കൾ എപ്രകാരമാണു വീക്ഷിക്കുന്നത്? കടമ്പകൾ കടക്കാനുപയോഗിക്കുന്ന ഒരു ഊന്നുവടിയാണോ ദൈവം? അതോ, ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട് എന്നു അരുളിച്ചെയ്ത ദൈവം താങ്കളുടെ സന്തതസഹചാരിയോ? സന്തതസഹചാരിയെന്നാൽ എല്ലായ്പ്പോഴും കൂടെ യാത്ര ചെയ്യുന്നവൻ എന്നർത്ഥം. ദൈവത്തെകൂടെ കൊണ്ടുപോകാവുന്ന സ്ഥലങ്ങളിൽ മാത്രമേ താങ്കൾ പോകാറുള്ളോ? ആവശ്യമുള്ളപ്പോൾ മാത്രം കാലിടറാതെ കൈയിലെടുക്കുന്ന ഊന്നുവടിയിൽ നിന്നും തുലോം വിഭിന്നമായ സ്ഥാനമാണു സന്തതസഹചാരിക്കുള്ളത്. വിട്ടുപിരിയാതെ കൂടെനടക്കുന്ന ആളാണ് സന്തതസഹചാരി. തമ്മിൽ ആത്മബന്ധമുള്ളവർക്കേ സന്തതസഹചാരികൾ ആകാൻ കഴിയൂ. കാര്യസാധ്യങ്ങൾക്കുവേണ്ടി മാത്രമാണോ താങ്കൾ ദൈവത്തെ ആശ്രയിക്കുന്നത്? അതോ, ദൈവം നമ്മുടെ അനുദിനജീവിതത്തിന്റെ, അനുനിമിഷമുള്ള ജീവിതത്തിന്റെ അവിഭാജ്യഘടകമോ? ഒരു ആത്മപരിശോധനയിലൂടെ മാത്രമേ ആ ചോദ്യത്തിനു സത്യസന്ധമായ ഒരുത്തരം കണ്ടെത്താൻ കഴിയുകയുള്ളൂ. ദൈവവുമായി അനുദിനം ആശയവിനിമയം നടത്താറുണ്ടോ? ദൈവഹിതം ആരായാറുണ്ടോ? ദൈവത്തോടു സമസ്തകാര്യങ്ങളും ആലോചിച്ചാണോ ചെയ്യുന്നത്? നമ്മുടെ അനുദിനജീവിതം ദൈവത്തെ പ്രസാദിപ്പിക്കത്തക്കവിധമോ? ആത്മബന്ധമില്ലാതെ അത്യാവശ്യസന്ദർഭങ്ങളിൽ മാത്രം ഉപയോഗിക്കാവുന്ന ഒരു ഊന്നുവടിയല്ല സർവ്വശക്തനായ ദൈവം എന്നോർക്കുക. ദൈവവുമായി ആത്മബന്ധമില്ലാത്തവരുടെ അപേക്ഷകൾക്കു എല്ലായ്പ്പോഴും ഉത്തരം ലഭിച്ചില്ലെന്നിരിക്കും.

മേല്പറഞ്ഞ ആത്മബന്ധത്തിന്റെ ആദ്യപടി യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി ഹൃദയത്തിന്റെ അകത്തളങ്ങളിൽ പ്രതിഷ്ഠിക്കുക എന്നതാണ്. കേവലം ബുദ്ധിപരമായ അറിവിനെക്കുറിച്ചല്ല നാമിവിടെ വിശകലനം ചെയ്യുന്നത്, പ്രത്യുത, നമ്മുടെ ഹൃദയം കർത്താവിനായി സമർപ്പിക്കുക എന്നതാണ്. പാപികളായ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷ മുഴുവനും ഏറ്റുവാങ്ങി നമുക്കുവേണ്ടി കാൽവറിയിൽ ക്രൂശുമരണം വരിച്ച് അടക്കപ്പെട്ട് മൂന്നാം മഹൽദിനം മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു നമുക്കുവേണ്ടി ജീവിക്കുന്ന യേശുക്രിസ്തുവിനോടു പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ച് പാപക്ഷമ പ്രാപിച്ച് ദൈവപൈതലായിത്തീരണം. “അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു” (യോഹ 1:12). ദൈവമക്കൾക്കു മാത്രമേ ദൈവമെന്ന പിതാവുമായി ആത്മബന്ധം സ്ഥാപിക്കുവാൻ കഴിയൂ. താങ്കൾ അപ്രകാരമുള്ള ഒരു വ്യക്തിയോ? ❑

# QUEST 66

**(ഈ ലക്കം QUEST 66– ലെ ചോദ്യങ്ങൾ യെശയ്യാപ്രവചനം 21 മുതൽ 66 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നുമാണ്)**

1. ഹില്ക്കിയാവിന്റെ മകന്റെ പേരെന്ത്?
2. യഹോവയെ കാത്തിരിക്കുന്നവർ എങ്ങനെയാകും?
3. കാവൽക്കാരാ, രാത്രി എന്തായി? എന്ന് വിളിച്ചുചോദിച്ചത് എവിടെ നിന്ന്?
4. പരാഭവവും സംഹാരവും പരിഭ്രമവുമുള്ളൊരു നാൾ വരുന്ന താഴ്‌വര?
5. സിംഹാസനം കൂടാതെ നിലത്തിരിക്കുവാൻ യഹോവ കല്പിച്ചത് ആരോട്?
6. ഹിസ്കിയാവിന് സുഖമായിയെന്നറിഞ്ഞ് എഴുത്തും സമ്മാനവും കൊടുത്തയച്ച രാജാവ്?
7. ദൈവം തന്റെ ഇടയനെന്ന് വിളിച്ചതാര്?
8. കല്ദയരുടെ ദേശത്തെ മരുമൃഗങ്ങൾക്കായി നിയമിച്ചത് ആരാണ്?
9. എന്താണ് വിശ്രാമം?
10. യഹോവ എന്നെ ഉപേക്ഷിച്ചു, കർത്താവ് എന്നെ മറന്നു കളഞ്ഞു എന്ന് പറയുന്നത് ആര്?
11. ആലോചനയിൽ അതിശയവും ജ്ഞാനത്തിൽ ഉൽകൃഷ്ടതയും ഉള്ളതാർക്ക്?
12. വിദ്രുതസർപ്പത്തിന്റെ പേര് എന്ത്?
13. ആരുടെ കാലാണ് പർവ്വതങ്ങളിന്മേൽ മനോഹരമായിരിക്കുന്നത്?
14. ഹിസ്കിയാവിന്റെ ആയുസ്സിനോട് എത്ര സംവത്സരം കൂട്ടിക്കൊടുത്തു?
15. ദാവീദ് പാളയമിറങ്ങിയിരുന്ന നഗരമേത്?
16. യഹോവയെ അന്വേഷിക്കേണ്ടത് എപ്പോഴാണ്?
17. അനർത്ഥത്തിനുമുമ്പ് കഴിഞ്ഞുപോകുന്നതാര്?
18. നൂറു വയസ്സുള്ളവനായിരുന്നാലും ശപിക്കപ്പെട്ടവനാര്?
19. യഹോവയുടെ ദൂതൻ അശ്ശൂർ പാളയത്തിൽ എത്രപേരെയാണ് കൊന്നത്?
20. മെരോദക് ബലദാൻ ഏത് രാജ്യത്തിന്റെ രാജാവായിരുന്നു?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 66–** ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം **2019 ആഗസ്റ്റ് 20**–നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം: ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്**
**ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

## QUEST- 65 ശരി ഉത്തരങ്ങൾ

1. ഗിലെയാദ് മലഞ്ചെരിവിൽ കിടക്കുന്ന കോലാട്ടിൻ കൂട്ടംപോലെ (ഉത്തമ. 4:1)
2. ഏൻഗെദി (ഉത്തമ. 1:14)
3. കാവൽക്കാരോട് (ഉത്തമ. 3:3)
4. പ്രാവ് (ഉത്തമ. 2:14)
5. കർത്താവിന്റെ (യെശ. 6:8)
6. സർവ്വനാശംപോലെ (യെശ. 13:6)
7. മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ (യെശ. 2:22)
8. അസത്യം ഉപദേശിക്കുന്ന പ്രവാചകൻ (യെശ. 9:15)
9. മോവാബ് (യെശ. 16:6)
10. കരുവേലകം (യെശ. 1:30)
11. സെഖര്യാവ് (യെശ. 8:2)
12. ന്യായവിധിയുടെ കാറ്റുകൊണ്ടും, ദഹനത്തിന്റെ കാറ്റുകൊണ്ടും (യെശ. 4:3)
13. യെശയ്യാവ് (യെശ. 20:2)
14. രെസീൻ (യെശ. 7:1)
15. അരുണോദയപുത്രൻ (യെശ. 14:12)
16. യാക്കോബിന്റെ (യെശ. 10:21)
17. മിസ്രയീമ്യരെ (യെശ. 19:4)
18. സൈന്യങ്ങളുടെ യഹോവ (യെശ. 5:16)
19. ദീമോനിലെ ജലാശയങ്ങൾ (യെശ. 15:9)
20. ഭൂമി (യെശ.11:9)





പുതിയ പുസ്തകങ്ങൾ

# വന്ന വഴികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം.




സുവിശേഷഘോഷണത്തിനായി ദൈവിക വാഗ്ദാനങ്ങളും മാതാപിതാക്കന്മാരുടെ അനുഗ്രഹവും മാത്രം മുറുകെപ്പിടിച്ചുകൊണ്ട് ഭർത്താവ് ചാൾസ് അഞ്ചനുമൊന്നിച്ച് കർണ്ണാടകത്തിലേക്കു 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന വചനം അന്വർത്ഥമാക്കിക്കൊണ്ട് 1951ൽ ഇറങ്ങിത്തിരിച്ച ശ്രീമതി മേരി അഞ്ചൻ എന്ന അനുഗൃഹീത കർത്തൃദാസി കടന്നുപോയ വഴികളിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ശ്രീ.എം.റ്റി.ജോർജ്, കോന്നിയുടെ പ്രൗഢോജ്ജ്വലമായ അവതാരിക ഈ ആത്മകഥാകഥനത്തിന്റെ മാറ്റു വർദ്ധിപ്പിക്കുന്നു. അഞ്ചൻ ദമ്പതികൾ സമാരംഭിച്ചു നടത്തിവരുന്ന റൂറൽ ഇൻഡ്യാ ചാരിറ്റബിൾ മിഷൻ ഹോസ്പിറ്റൽ നടത്തിപ്പിനായി ഈ പുസ്തകം വിറ്റു ലഭിക്കുന്ന തുക മുഴുവനും വിനിയോഗിക്കുന്നതാണ്.

വില – 100 രൂപ.




## An Eminent Man Amidst Ancient Books

യശഃശരീരനായ പണ്ഡിറ്റ് എം. എം.ജോൺ (നോയൽ മെമ്മോറിയൽ ഹൈ സ്കൂൾ, കുമ്പനാട്) അവർകളെക്കുറിച്ച് ഇംഗ്ലീഷിലുള്ള സ്മരണിക.

വില – 60 രൂപ

**രണ്ടു പുസ്തകങ്ങളും തപാലിൽ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ 160 രൂപാ മണി ഓർഡറായി അയയ്ക്കുക.**

വിലാസം:–

Mr. George John, Shanthisadan,
Sreekrishna Nagar, Sreekariyam 695 017
Ph: 0471-2597715, Mob: 9605486260

Evangelical Literature Services,
Kesavadasapuram, Trivandrum
*Direct purchases only.*
Tel: 0471- 244 8916 (തപാലിൽ ലഭിക്കുന്നതല്ല)

Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891